# ക്ലാസ് - 12

# മലയാളം



പൊതുവിദ്യാഭ്യാസ വകുപ്പ്

(സമഗ്ര ശിക്ഷാ കേരളം)

# പ്രധാനമേഖല (Focus Area) 2021

# യൂണിറ്റ് - 1 : എഴുത്തകം

## പ്രവേശകം

മാതൃഭാഷയിലെയും ഇതരഭാഷകളിലെയും നാഴികക്കല്ലുകളായ കൃതികളിലെ ആശയങ്ങൾ ഉൾക്കൊണ്ട് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുക, വിവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവയിലെ സാമൂഹികാന്തരീക്ഷം, കഥാപാത്രങ്ങളുടെ മാനസികഭാവം എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കുക എന്നിവയാണ് ഈ യൂണിറ്റിന്റെ പ്രധാന പഠനനേട്ടങ്ങൾ.

**പ്രവേശകപ്രവർത്തനം**

പ്രശസ്ത ഊർജ്ജതന്ത്രശാസ്ത്രജ്ഞനായ ഇ.സി.ജി. സുദർശൻ മലയാളം ക്ലാസ്സുകളെക്കുറിച്ചു പറഞ്ഞ അഭിപ്രായം ചർച്ച ചെയ്തുകൊണ്ടാണ് എഴുത്തകം ആരംഭിക്കുന്നത്.

* ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു.
* പദച്ഛേദം, പദാർത്ഥം, വാച്യാർത്ഥം, ധ്വനി, ഭാവം എന്നിങ്ങനെ പഠിപ്പിക്കുമ്പോൾ ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന വലിയ അറിവ് മലയാളം ക്ലാസ്സുകൾ പകർന്നുതന്നു.

'മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യം' ചർച്ച ചെയ്യാനുള്ള പ്രവേശകപ്രവർത്തനമായാണ് ഈ ഭാഗം നൽകിയിട്ടുള്ളത്. ഇതിനു സഹായകമായ ചില സൂചനകൾ ചുവടെ ചേർക്കുന്നു.

* വസ്തുതകളുടെ സൂക്ഷ്മാപഗ്രഥനത്തിന് മാതൃഭാഷാപഠനം സഹായിക്കുന്നു.
* പുതിയ അന്വേഷണങ്ങൾക്ക് പ്രചോദനമാകുന്നു.
* സർഗാത്മകമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. സർഗാത്മകമായ ആവിഷ്കാരങ്ങൾക്ക് ഏറ്റവും ഉചിതം മാതൃഭാഷയാണ്.
* ബോധനമാധ്യമം മാതൃഭാഷയാകുമ്പോൾ വസ്തുതകളുടെ ഗ്രഹണത്തിന് വ്യക്തത കൂടുന്നു.
* ജനാധിപത്യം ശക്തിപ്പെടുന്നതിന് ഭരണഭാഷ മാതൃഭാഷയാകുന്നതാണ് നല്ലത്. ഭരിക്കുന്നവരും ഭരണീയരും തമ്മിലുള്ള അകലം കുറയാനത് സഹായകമാകും.
* മാതൃഭാഷ സംസ്കാരവിനിമയത്തിനുള്ള ഉപാധി കൂടിയാണ്. സാമൂഹിക ജീവിതം ഫലപ്രദമാകുന്നതിനും വൈകാരികവികസനം സാധ്യമാകുന്നതിനും മാതൃഭാഷാ പ്രാവീണ്യം പിന്തുണയേകുന്നു.

* മാതൃഭാഷാപഠനം ജീവിതപഠനം കൂടിയാണ്. അതിലൂടെ സാമൂഹികപ്രശ്നങ്ങളിൽ ഇടപെടാനുള്ള കരുത്തുകൂടി നേടാനാവുന്നു.

**ചോദ്യമാതൃകകൾ**

1. 'ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു'. ഇ.സി.ജി. സുദർശന്റെ ഈ അഭിപ്രായത്തോട് യോജിക്കുന്ന പ്രസ്താവനകൾ എടുത്തെഴുതുക.

   * ഫിസിക്സ് മലയാളത്തിലാണ് പഠിക്കേണ്ടത്

   * മലയാളത്തിലെന്നതുപോലെ ഫിസിക്സിലും ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ട്.

   * സർഗാത്മകമായ കണ്ടെത്തലുകൾക്ക് 'പ്രചോദനം' വലിയ ഘടകമാണ്.

   * ഫിസിക്സിനേക്കാൾ നല്ലത് മലയാളമാണ് (സ്കോർ 2)

   രണ്ടാമത്തെയും മൂന്നാമത്തെയും സൂചനകളാണ് ശരിയെന്ന് വ്യക്തമാണല്ലോ.

2. മലയാളം ക്ലാസ്സുകളിൽ നിന്നു കിട്ടിയ വലിയ അറിവ് എന്തായിരുന്നു എന്നാണ് ഇ.സി.ജി. സുദർശൻ സാക്ഷ്യപ്പെടുത്തുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

3. വ്യക്തിയുടെ സർവതോമുഖമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെങ്കിൽ മാതൃഭാഷാപഠനം അതിന് എത്രത്തോളം സഹായകമാണെന്ന് പരിശോധിച്ചുകൊണ്ട് ഉപന്യാസം തയ്യാറാക്കുക. (സ്കോർ 8)

# കണ്ണാടി കാൺമോളവും

* ആധുനിക മലയാളഭാഷയുടെ പിതാവ് എന്ന് സാഹിത്യചരിത്രം ആദരിക്കുന്ന കാവ്യ ഗുരുവാണ് എഴുത്തച്ഛൻ.
* 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്നാണ് മഹാകവി വള്ളത്തോൾ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.
* പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം
* ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യം നിർവഹിച്ചു.
* പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചു.
* മഹാഭാരതം കിളിപ്പാട്ട്, അധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവ പ്രധാന കൃതികൾ.

**പാഠസംഗ്രഹം**

മഹാഭാരതം സംഭവപർവത്തിലാണ് ശകുന്തളോപാഖ്യാനം ഉള്ളത്. ഗാന്ധർവവിധി പ്രകാരം തന്നെ വിവാഹം ചെയ്ത ദുഷ്ഷന്തന്റെ കൊട്ടാരത്തിലേക്ക് ശകുന്തളപുത്രനോടൊപ്പം എത്തിച്ചേരുന്നു. ദുഷ്ഷന്തൻ അവളെ കെട്ടവളെന്നു അധിക്ഷേപിക്കുന്നു. ആത്മാഭിമാനത്തിനു മുറിവേറ്റ ശകുന്തള തന്റെ വ്യക്തിത്വം നിലനിർത്താൻ ശ്രമിക്കുന്ന ഭാഗമാണ് പാഠസന്ദർഭം.

"ദുഷ്ഷന്തന്റെ ശകാരവാക്കുകളോടെയാണ് പാഠഭാഗം ആരംഭിക്കുന്നത്. ധാർഷ്ട്യമുള്ളവരാണ് സ്ത്രീകളെന്നു കേട്ടിട്ടേയുള്ളൂ, ഇപ്പോഴിതാ കണ്ടു. വഴിപിഴച്ചവളായ നീ എന്റെ മുന്നിലെത്തി കുലസ്ത്രീയെന്നു ഭാവിക്ക് പലതും പറഞ്ഞുകൊണ്ടിരിക്കുന്നതു മതിയാക്കുക, സ്വർണവും രത്നങ്ങളും ആഭരണവും വസ്ത്രവുമൊക്കെ ഞാൻ വേണ്ടുവോളം നൽകാം. അവ വാങ്ങി നിനക്കു യോജിച്ച ദിക്കിലേക്കു പൊയ്ക്കൊള്ളുക. കോകിലത്തെപ്പോലെ നീയും പരഭൃതയാണല്ലോ. നിന്നെ ഇവിടെ കാണുന്നതേ എനിക്കിഷ്ടമല്ല."

ദുഷ്ഷന്തന്റെ നിന്ദാവചനങ്ങൾ കേട്ട് ലജ്ജിതയായ ശകുന്തള ഇങ്ങനെ പ്രതികരിച്ചു: "അന്യരുടെ കടുകുമണിപോലത്തെ ദോഷങ്ങൾ പോലും നീ കണ്ടെത്തുന്നു. വലിപ്പമേറിയ സ്വന്തം ദോഷങ്ങൾ തിരിച്ചറിയുന്നില്ല. പണ്ഡിതന്മാരുടെ പോലും ശീലമാണിത്. നിന്റെ ജന്മത്തെക്കാൾ ശ്രേഷ്ഠമാണ് എന്റെ ജന്മം. ഭൂമിയിലല്ലാതെ നിനക്കു സഞ്ചരിക്കാനാവുമോ. എനിക്ക് ഭൂമിയിലും ആകാശത്തും ഒരുപോലെ സഞ്ചരിക്കാനാവും. അല്ലയോ രാജാവേ നമ്മൾ തമ്മിൽ വളരെ വ്യത്യസ്തരാണെന്നറിയുക. മേരുപർവതവും കടുകും തമ്മിലുള്ള അന്തരം നാം തമ്മിലുണ്ട്. താങ്കൾ ജീവിതത്തിന്റെ പൊരുൾ ഇനിയും അറിഞ്ഞിട്ടില്ലാത്തയാളാണ്. വിരൂപന്മാർ കണ്ണാടി കാണുന്നതുവരെ തന്റെ മുഖമാണ് ഏറ്റവും നല്ലതെന്നു വിചാരിക്കും. തന്റെ കുറവുകൾ തിരിച്ചറിയാതെ അവർ മറ്റുള്ളവരെ കുറ്റം പറഞ്ഞുകൊണ്ടേയിരിക്കും. എന്നാൽ നല്ല മനുഷ്യരാകട്ടെ കുറ്റമുള്ളവരെപ്പോലും നിന്ദിക്കുകയില്ല. ദിവസവും ശുദ്ധജലത്തിൽ കുളിച്ചാലും ആന പൊടിയിൽ കിടന്നു രസിക്കാനാണല്ലോ ഇഷ്ടപ്പെടുന്നത്. അതുപോലെ സജ്ജനങ്ങളെ നിന്ദിച്ചുകൊണ്ടാണ് ദുർജ്ജനം സന്തോഷിക്കുന്നത്. സജ്ജനങ്ങളാകട്ടെ ആരെയും നിന്ദിക്കാറില്ല. സത്യവും ധർമ്മവും ഉപേക്ഷിച്ച പുരുഷനെ ക്രുദ്ധനായ സർപ്പത്തെക്കാൾ പേടിക്കണം. അത്തരക്കാരോട് അറിവുള്ളവർ നല്ല കാര്യങ്ങൾ പറഞ്ഞാലും അവർ മനസ്സിലാക്കില്ല. പാലും വെള്ളവും

കുട്ടിക്കലർത്തി വച്ചാൽ അരയന്നം പാലുമാത്രം കുടിക്കുന്നതുപോലെ മനസ്സിൽ നന്മയുള്ളവർ നല്ല കാര്യങ്ങൾ പെട്ടെന്നു ഗ്രഹിക്കും."

ശകുന്തള ഇങ്ങനെയൊക്കെ പറഞ്ഞുനിൽക്കവേ അശരീരി കേട്ടു. "ദേവസ്ത്രീസമയായ ശകുന്തളയെയും സ്വന്തം പുത്രനെയും നീ സ്വീകരിക്കുക. രാജ്യഭരണം വൈകാതെ മകനെ ഏല്പിക്കുക. അവൻ ഭരതനെന്നു പ്രസിദ്ധനാകും." ഈ വാക്കുകൾ ദുഷ്ഷന്തൻ ശിരസാവഹിച്ചു. ശകുന്തള ഭർത്താവിനോടൊപ്പം സന്തോഷത്തോടെ കൂടിച്ചേർന്നു.

**ഓർമ്മയിൽ സൂക്ഷിക്കാൻ**

* ധാർഷ്ട്യമുള്ളവൾ, കുലട, കോകിലനാരി, പരഭൃത എന്നീ വാക്കുകൾ കൊണ്ടാണ് ദുഷ്ഷന്തൻ ശകുന്തളയെ അപമാനിക്കുന്നത്.
* പൊതുവായ ലോകതത്ത്വങ്ങൾ (ലോകോക്തികൾ) പറഞ്ഞാണ് ശകുന്തള ദുഷ്ഷന്തനു മറുപടി നൽകുന്നത്.

i) കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ.

ii) മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും.

iii) സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം

iv) നല്ലനായിരിപ്പവൻ നല്ലതുഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞുപാലന്നമെന്നതുപോലെ

**എഴുത്തച്ഛന്റെ ഭാഷ**

* പാട്ടിന്റെയും മണിപ്രവാളത്തിന്റെയും മേളനമാണ് എഴുത്തച്ഛന്റെ ഭാഷാശൈലി.
* ഭാവത്തിനനുസരിച്ച് ഭാഷ പ്രയോഗിക്കുന്നതിൽ എഴുത്തച്ഛന് പ്രത്യേക വൈഭവം തന്നെയുണ്ട്.
* വാമൊഴിയുടെ മുദ്ര പതിഞ്ഞിട്ടുള്ള വാക്കുകളും പ്രയോഗങ്ങളും എഴുത്തച്ഛൻകവിതയിൽ ലയിച്ചുചേർന്നിട്ടുണ്ട്. കേട്ടുകേളി, കടുകിന്മണി തുടങ്ങിയ പദങ്ങൾ ഉദാഹരണം.
* ഉവന്നു, നല്ലനായിരിപ്പവൻ, തമ്മുടെ തുടങ്ങിയ പ്രാചീനപദങ്ങളുടെ പ്രയോഗവും ഈ പാഠഭാഗത്തുകാണാം.
* പരഭൃത എന്ന പദത്തിന്റെ പ്രയോഗസൗന്ദര്യം ശ്രദ്ധേയം. ശകുന്തളയെ കാക്കക്കൂട്ടിൽ മുട്ടയിടുന്ന കുയിലിനോട് (കോകിലനാരി) ഉപമിക്കുന്നു. അച്ഛനമ്മമാരുടെ പരിചരണത്തിൽ വളരാത്തതിനാൽ വളർത്തുദോഷമുള്ളവൾ (പരഭൃത) എന്ന നിന്ദാസൂചനയും പ്രകടിപ്പിക്കുന്നു.
* ലളിതമായ പദങ്ങളുടെ ഉചിതമായ പ്രയോഗവും വിശിഷ്ടപദരചന ഉണർത്തുന്ന സൗന്ദര്യാനുഭവവും എഴുത്തച്ഛൻകവിതയുടെ സവിശേഷതകളാണ്.

**ശകുന്തളയും സീതയും ചില താരതമ്യവിചാരങ്ങൾ**

* വാല്മീകിരാമായണത്തിൽ നിന്നു വ്യത്യസ്തമായ വ്യക്തിത്വമാണ് ആശാന്റെ സീതയ്ക്കുള്ളത്. വ്യാസഭാരതത്തെ അതേപടി പിന്തുടർന്നാണ് എഴുത്തച്ഛൻ ശകുന്തള എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.
* പുരുഷകേന്ദ്രിതമായ അധികാരവ്യവസ്ഥയെ രണ്ടു കഥാപാത്രങ്ങളും ചോദ്യം ചെയ്യുന്നു.
* സ്വയം വിമർശനത്തിനു വിധേയരാവാതെ അന്യരെ വിമർശിക്കുക മാത്രം ചെയ്യുന്ന പുരുഷശീലങ്ങളോടുള്ള കലഹം ശകുന്തള പ്രകടിപ്പിക്കുന്നു. പുരുഷന്റെ കളിപ്പാവയല്ല സ്ത്രീ എന്ന സ്വാതന്ത്ര്യപ്രഖ്യാപനം ആശാന്റെ സീത നടത്തുന്നു.
* രണ്ടു കഥാപാത്രങ്ങളും രാജാക്കന്മാരോടു തന്നെയാണ് കലഹിക്കുന്നത്.
* രണ്ടുപേരുടെയും പരിശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു.

**ചോദ്യമാതൃകകൾ**

1. 'സത്യധർമ്മാദിവെടിഞ്ഞീടിന പുരുഷനെ

   ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം' - ഇവിടെ ശകുന്തള, ദുഷ്ഷന്തന്റെ സ്വഭാവത്തിലുള്ളതായി കരുതുന്ന കാര്യങ്ങളെന്തൊക്കെയാണ്. ശരിയായ രണ്ട് സൂചനകൾ തിരഞ്ഞെടുത്തെഴുതുക.

   *ദുഷ്ഷന്തൻ സത്യവും ധർമ്മവും മുറുകെപ്പിടിക്കുന്നയാളാണ്.

   *ദുഷ്ഷന്തനെ സർപ്പത്തെക്കാൾ പേടിക്കണം.

   *സത്യവും ധർമ്മവും വെടിഞ്ഞയാളാണ് ദുഷ്ഷന്തൻ

   *പുരുഷന്മാർ സർപ്പങ്ങളെപ്പോലെയാണ്. (സ്കോർ -2)

2. 'മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ' - ആരെയൊക്കെയാണ് ഇവിടെ പരാമർശിക്കുന്നത്? (സ്കോർ - 2)

3. തന്റെ ജന്മം ശ്രേഷ്ഠമെന്നു വാദിക്കുന്ന ശകുന്തള അതിനു പിൻബലമേകാനായി പറയുന്ന മേന്മകളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക (സ്കോർ-4)

4. "നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും

   വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതുപോലെ" എന്ന വരികളിലെ ആശയവും ദയാബായിയുടെ ജീവിതാനുഭവവും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റേഡിയോ സുഭാഷിതം തയ്യാറാക്കുക. (സ്കോർ 6)

5. കുമാരനാശാന്റെ സീത എന്ന കഥാപാത്രവും എഴുത്തച്ഛൻകൃതിയിലെ ശകുന്തളയും പുരുഷാധിപത്യപ്രവണതകൾക്കെതിരെ നടത്തുന്ന പ്രതികരണം താരതമ്യപ്പെടുത്തി വിലയിരുത്തൽക്കുറിപ്പു തയ്യാറാക്കുക. (സ്കോർ 6)

6. ശകുന്തളയുടെ വാക്കുകളായി അവതരിപ്പിച്ചിരിക്കുന്ന ലോകോക്തികളിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന ആരോഗ്യകരമല്ലാത്ത ചില പ്രവണതകളെയാണ് എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്. വിശദീകരിക്കുക. (സ്കോർ 8)

**'ദൈവദശകം' ഒരു വിശ്വപ്രാർത്ഥനയാണ് എന്നതിന്റെ സൂചനകൾ**

* *ആശ്രമത്തിലെ അന്തേവാസികളായ കുട്ടികൾക്ക് പ്രാർത്ഥനയ്ക്കായി നാരായണ ഗുരു 1914ൽ എഴുതിയ പത്തുശ്ലോകങ്ങളടങ്ങിയ കൃതിയാണ് ദൈവദശകം. ഇപ്പോഴത് വിശ്വപ്രാർത്ഥനയായി പരിഗണിക്കുന്നു.*

* *ഒരു പ്രത്യേക പേര് പറയാതെ എല്ലാവർക്കും സ്വീകാര്യമായ 'ദൈവമേ' എന്നു മാത്രമാണ് ഈ പ്രാർത്ഥനയിലെ സംബോധന.*

* *എന്നെ രക്ഷിക്കണമെന്നല്ല, ഞങ്ങളെ രക്ഷിക്കണമെന്നാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥന എല്ലാവർക്കും വേണ്ടിയാണെന്ന സങ്കല്പമാണ് ഗുരുവിനുള്ളത്.*

**അനുബന്ധം:-**

**പ്രഭാഷണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

* അഭിസംബോധന ആമുഖം, ഉപസംഹാരം എന്നിവ ഉണ്ടായിരിക്കണം.
* വിഷയത്തിന്റെ വിവിധ തലങ്ങൾ പരാമർശിക്കാം.
* വിഷയത്തിന് അനുസൃതമായി യോജിച്ച ആശയങ്ങൾ അടുക്കും ചിട്ടയുമുള്ള രീതിയിൽ അവതരിപ്പിക്കാം.
* സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും ലളിതമായ ഭാഷയിൽ വ്യക്തമാക്കുന്നത് നന്ന്.
* ആവശ്യമുള്ള സന്ദർഭങ്ങളിൽ ഉദ്ധരണികളും ഉദാഹരണങ്ങളും ഉപയോഗിക്കാം.

**സുഭാഷിതം**

ജീവിതത്തിൽ ഗുണകരമായ സ്വാധീനം ചെലുത്തുന്ന ആശയങ്ങളുടെ ലളിതമായ അവതരണമാണ് സുഭാഷിതങ്ങളിലൂടെ നിർവഹിക്കുന്നത്. പ്രസക്തമായ കാവ്യശകലങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവയ്ക്ക് ജീവിതത്തിലുള്ള പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുകയാണ് സുഭാഷിതങ്ങളുടെ ലക്ഷ്യം.

# പ്രകാശം ജലം പോലെയാണ്

ആമുഖം

ലാറ്റിനമേരിക്കൻ സാഹിത്യകാരനായ ഗബ്രിയേൽ ഗാർസിയ മാർക്വെസ് എഴുതിയ കഥയാണ് 'പ്രകാശം ജലംപോലെയാണ്' (Light is like water). ലാറ്റിനമേരിക്കൻ നഗരമായ കാട്ജിനെ ഇന്ത്യാസിൽ നിന്ന് യൂറോപ്യൻ നഗരമായ മാഡ്രിഡിലേക്ക് താമസിക്കാനെത്തിയ ഒരു കുടുംബമാണ് കഥയുടെ പശ്ചാത്തലം. അച്ഛനും അമ്മയും ടോട്ടോ, ജോവൽ എന്നീ രണ്ട് ആൺകുട്ടികളുമാണ് പ്രധാന കഥാപാത്രങ്ങൾ. കടലും കപ്പലും ജലാശയങ്ങളും വള്ളങ്ങളും ധാരാളമുള്ള കാട്ജിനെയിൽ രസകരമായ ബാല്യം ചെലവഴിക്കുന്നതിനിടെയാണ് സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിലെ ഇടുങ്ങിയ അപ്പാർട്ട്മെന്റിലേക്ക് കുട്ടികളുടെ ജീവിതം പറിച്ചുമാറ്റപ്പെടുന്നത്.

കുട്ടികൾ, അവർക്ക് നഷ്ടപ്പെട്ട ബാല്യത്തിന്റെ രസങ്ങളും ജന്മനാടിന്റെ സവിശേഷതകളും ഭാവനയിലൂടെ തിരിച്ചുപിടിക്കുന്നതിന്റെ ആവിഷ്കാരം കഥയിലുണ്ട്. അതിനപ്പുറം രാഷ്ട്രീയവും ചരിത്രപരവും സാംസ്കാരികവുമായ അർഥതലങ്ങളിലേക്ക് കഥയെ ഉയർത്താവുന്നതാണ്. മാജിക്കൽ റിയലിസം എന്ന സവിശേഷമായ ആവിഷ്കാരസങ്കേതം ഈ കഥയിൽ ഉപയോഗിച്ചിരിക്കുന്നു.

മലയാളത്തിലെ പ്രമുഖ എഴുത്തുകാരിയും അധ്യാപികയുമായ ചന്ദ്രമതിയാണ് ഈ കഥയുടെ വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്.

**പാഠസംഗ്രഹം**

ഒമ്പതുവയസ്സായ ടോട്ടോയും ഏഴുവയസ്സുകാരൻ ജോവലും അച്ഛനമ്മമാരോടൊപ്പം മാഡ്രിഡ് എന്ന യൂറോപ്യൻ പരിഷ്കൃത നഗരത്തിൽ ഒരു വലിയ ഫ്ളാറ്റ് സമുച്ചയത്തിലെ അഞ്ചാംനിലയിലുള്ള അപാർട്ട്മെന്റിലാണ് തിങ്ങിക്കൂടിക്കഴിയുന്നത്. ലാറ്റിനമേരിക്കയിലെ കാട്ജിനെ ഇന്ത്യാസെന്ന തുറമുഖനഗരമാണ് അവരുടെ സ്വദേശം. കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള അവിടെ അവരുടെ വീടിന് ഒരുമുറ്റവും ഉൾക്കടലിനോടുചേർന്ന് ബോട്ടുകൾ അടുപ്പിക്കാവുന്ന സ്ഥലവും രണ്ടുവലിയ വള്ളങ്ങൾ വയ്ക്കാവുന്ന ഒരു ഷെഡ്ഡും ഉണ്ടായിരുന്നു. ചൂതാട്ടം മൂലം വലിയ കടബാധ്യത വന്നതുകൊണ്ടാണ് ആ കുടുംബത്തിന് കാട്ജിനെ വിട്ട് മാഡ്രിഡ് നഗരത്തിൽ താമസിക്കേണ്ടിവന്നത്.

ക്രിസ്തുമസ് സമ്മാനമായി തങ്ങൾക്ക് തുഴവള്ളം വേണമെന്നു ടോട്ടോയും ജോവലും ആവശ്യപ്പെടുന്നതാണ് കഥയുടെ തുടക്കം. ജന്മനാടായ കാട്ജിനെയിൽ തിരിച്ചെത്തുമ്പോൾ അവ വാങ്ങാമെന്ന് പപ്പാ പറഞ്ഞു. ആകെ ഷവറിൽ നിന്നുവരുന്ന വെള്ളം മാത്രമുള്ള മാഡ്രിഡിൽ വച്ചു തുഴവള്ളം വാങ്ങുന്നത് പ്രയോജനമില്ലാത്ത കാര്യമാണെന്ന് അമ്മയും നിലപാടെടുത്തു. എന്നിട്ടും കുട്ടികൾ പിൻമാറിയില്ല. പഠനത്തിൽ മികവുപുലർത്തിയാൽ വാങ്ങി നൽകാമെന്നേറ്റ സമ്മാനം വാങ്ങുകതന്നെ വേണമെന്ന് അവർ വാശിപിടിച്ചു. കുട്ടികൾ സ്കൂളിൽ നിന്നു സമ്മാനം വാങ്ങിയതു കണക്കിലെടുത്ത് പപ്പ അവർക്ക് തുഴവള്ളം വാങ്ങി നൽകി. വെള്ളത്തെ സ്പർശിക്കുന്നിടത്ത് സ്വർണവരകളുള്ള ഒരു അലുമിനിയം വള്ളമാണ് അയാൾ വാങ്ങിയത്.

ഫ്ളാറ്റു സമുച്ചയത്തിനുതാഴെ കാറിടുന്ന സ്ഥലത്താണ് വള്ളം സൂക്ഷിച്ചത്. പിന്നീട് കുട്ടികൾ സഹപാഠികളുടെ സഹായത്തോടെ വള്ളത്തെ ഏണിപ്പടികൾ വഴി അഞ്ചാം നിലയിലെ അപാർട്ട്മെന്റിൽ എത്തിച്ചു.

അച്ഛനമ്മമാർക്ക് എല്ലാ ബുധനാഴ്ചയും സിനിമ കാണാൻ പോകുന്ന പതിവുണ്ട്. തൊട്ടടുത്ത ബുധനാഴ്ച അവർ പോയതോടെ വീടിന്റെ സർവാധികാരികളായി മാറിയ കുട്ടികൾ എല്ലാ കതകുകളും ജനലുകളും അടച്ചിട്ട് സ്വീകരണമുറിയിലെ വിളക്കുകളിൽ ഏറ്റവും പ്രകാശമുള്ള ഒരെണ്ണം പൊട്ടിച്ചു. പൊട്ടിയ ബൾബിൽ നിന്നും തണുത്ത വെള്ള ത്തിന്റെ കുത്തൊഴുക്കുപോലെ കുതിച്ചുചാടിയ പ്രകാശത്തെ മൂന്നടിയോളം ഉയരത്തിൽ നിറച്ച കുട്ടികൾ തുഴവള്ളം അതിലിറക്കി വീട്ടിനുള്ളിലെ എല്ലാ ദ്വീപിലേക്കും ഇഷ്ടം പോലെ സഞ്ചരിച്ചു.

കഥാകൃത്ത് അഥവാ കഥയിലെ ആഖ്യാതാവ് തന്നെയാണ് കുട്ടികളുടെ ഈ സാഹ സത്തിനു കാരണക്കാരൻ. 'വീട്ടുപകരണങ്ങളിലെ കവിത' എന്ന വിഷയത്തിൽ നടന്ന ഒരു ചർച്ചയ്ക്കിടയിൽ, സ്വിച്ചിൽ തൊടുമ്പോൾ പ്രകാശം പ്രവഹിക്കുന്നതെന്തുകൊണ്ടാണ് എന്ന് ടോട്ടോ അദ്ദേഹത്തോട് ചോദിച്ചിരുന്നു. "പ്രകാശം ജലംപോലെയാണ്, ടാപ്പ് തുറ ന്നാൽ മതി കുതിച്ചൊഴുകും", എന്നതായിരുന്നു അന്നദ്ദേഹത്തിന്റെ മറുപടി. ഈ വാക്കു കളാണ് കുട്ടികളുടെ ഭാവനാസാഹസങ്ങൾക്കു പ്രചോദനമായത്.

അച്ഛനമ്മമാരറിയാതെ ടോട്ടോയും ജോവലും ഈ പ്രവൃത്തി മാസങ്ങളോളം തുടർന്നു. തങ്ങളുടെ സാഹസത്തെ കുറച്ചുകൂടി മുന്നോട്ടു കൊണ്ടുപോകാനായി മുങ്ങൽപരീക്ഷ ണത്തിനുള്ള മുഖംമൂടികൾ, കുഞ്ഞിച്ചിറകുകൾ, വായുനിറച്ചതോക്കുകൾ തുടങ്ങിയ സാമ ഗ്രികൾ വാങ്ങി നൽകണമെന്നതായിരുന്നു അവരുടെ അടുത്ത ആവശ്യം. തുഴവള്ളം ജോലിക്കാരിക്കുള്ള മുറിയിൽ ഉപയോഗിക്കാതിരിക്കുകയാണെന്ന് വിശ്വസിച്ചിരുന്ന അച്ഛ നമ്മമാർ ഈ ആവശ്യത്തെ ശക്തമായി എതിർത്തു. ഒന്നാം സെമസ്റ്ററിൽ ഏറ്റവും മികച്ച വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ തങ്ങൾ നേടിയാൽ അവ വാങ്ങിത്തരണമെന്നായി കുട്ടികൾ. **"ചെയ്യേണ്ടതു ചെയ്തിട്ട് ഈ പിള്ളേർ ഒരാണിപോലും സമ്മാനമായി വാങ്ങി ല്ല. എന്നാൽ എന്തെങ്കിലും വേണമെന്നവർക്കു വാശി തോന്നിയാൽ അവർ എന്തും ചെയ്യും. വേണമെങ്കിൽ ടീച്ചറുടെ കസേരപോലും അവർ നേടിയെടുക്കും"** എന്നായി രുന്നു ഈ സമയത്ത് അമ്മയുടെ പ്രതികരണം.

മുങ്ങൽ സാമഗ്രികൾ വാങ്ങിക്കൊടുക്കാമെന്ന ഉറപ്പൊന്നും അച്ഛനമ്മമാർ നൽകിയി ല്ലെങ്കിലും ടോട്ടോയും ജോവലും മികച്ച വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ കരസ്ഥമാ ക്കി. അന്നുച്ചയ്ക്ക് അവർ ആവശ്യപ്പെടാതെ തന്നെ മുങ്ങൽ സാമഗ്രികൾ അവർക്ക് സമ്മാ നമായി ലഭിക്കുകയും ചെയ്തു. അച്ഛനമ്മമാർ സിനിമയ്ക്കു പോകുന്ന ബുധനാഴ്ചക ളിൽ അപാർട്ട്മെന്റ് നിറയെ പന്ത്രണ്ടടിപൊക്കത്തിൽ പ്രകാശം നിറച്ചു മുങ്ങിത്തപ്പാനും കളഞ്ഞുപോയതും വർഷങ്ങളായി കാണാനില്ലാതിരുന്നതുമായ പലതിനെയും അടിത്ത ട്ടിൽ നിന്നു കണ്ടെത്താനും ഇതു കുട്ടികൾക്കു സഹായകമായി.

വർഷാവസാനത്തിൽ രണ്ടു സഹോദരന്മാരും മാതൃകാവിദ്യാർഥികളായി തിരഞ്ഞെ ടുക്കപ്പെട്ടു. എന്താണ് സമ്മാനമായി വേണ്ടതെന്ന് അച്ഛനമ്മമാർ ഇങ്ങോട്ടു ചോദിച്ച സന്ദർഭ മായിരുന്നു, അത്. തങ്ങളുടെ സഹപാഠികൾക്ക് വീട്ടിൽവച്ച് ഒരു പാർട്ടി കൊടുക്കണം എന്നതായിരുന്നു കുട്ടികളുടെ ആവശ്യം. ഈ ന്യായമായ ആവശ്യം കുട്ടികൾക്ക് പാകത

വന്നതിന്റെ തെളിവാണെന്ന് അച്ഛൻ പറഞ്ഞു. അമ്മ അത് ശരിവയ്ക്കുകയും ചെയ്തു.

അടുത്ത ബുധനാഴ്ച അച്ഛനമ്മമാർ പതിവുപോലെ സിനിമ കാണാൻ പോയപ്പോൾ ഒത്തുകൂടിയ കുട്ടികളും സഹപാഠികളും ചേർന്ന് ഒരേസമയത്ത് ഒരുപാടു ലൈറ്റുകൾ പ്രകാശിപ്പിക്കുകയും അപാർട്ട്മെന്റിൽ പ്രകാശത്തിന്റെ വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്തു. മട്ടുപ്പാവുകൾ നിറഞ്ഞുകവിഞ്ഞ് സുവർണപ്രളയമായി മാഡ്രിഡ് നഗരത്തിന്റെ തെരുവുകളിലൂടെ പ്രകാശം കുതിച്ചൊഴുകി. ടോട്ടോയുടെയും ജോവലിന്റെയുമൊപ്പം പഠിക്കുന്ന രണ്ടു ക്ലാസുകളിലെയും കുട്ടികൾ ആ വെള്ളപ്പൊക്കത്തിൽ മുങ്ങിത്താണുപോയി. പ്രകാശത്തിൽ തുഴഞ്ഞുനടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള മാഡ്രിഡ് നഗരത്തിലാണ് ഇതു നടന്നതെന്നു പറഞ്ഞുകൊണ്ടാണ് കഥ അവസാനിക്കുന്നത്.

**മാജിക്കൽ റിയലിസം:**

സ്വാഭാവികമായ കഥാസന്ദർഭങ്ങളോട് ചേർന്ന് തന്നെ അസ്വാഭാവികവും മായികവുമായ സന്ദർഭങ്ങൾ ഇടകലർത്തി അവതരിപ്പിക്കുന്ന ആഖ്യാനരീതിയാണ് മാജിക്കൽ റിയലിസം. സാഹിത്യരചനകളിൽ മാത്രമല്ല ചിത്രകലയിലും സിനിമയിലും ഈ സങ്കേതത്തിന്റെ സ്വാധീനം കാണാം. യഥാർഥ്യത്തെ കൂടുതൽമിഴിവോടെ ആവിഷ്കരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിലാണ് മാജിക്കൽ റിയലിസം ഉപയോഗിക്കപ്പെടുന്നത്. നിത്യജീവിതത്തിലെ യാഥാർഥ്യങ്ങളോട് സമാനത പുലർത്തുന്ന വ്യക്തികളും സംഭവങ്ങളും ആവിഷ്കരിക്കപ്പെടുന്നതിനൊപ്പം തന്നെ അസംഭാവ്യങ്ങളായവയും കടന്നുവരുന്നത് നമ്മെ അത്ഭുതപ്പെടുത്തും. അവ അസംഭാവ്യങ്ങളാണെന്ന് ബോധ്യമുണ്ടെങ്കിലും സ്വാഭാവിക സംഭവങ്ങളാണെന്ന നിലയിൽ തന്നെ ആസ്വദിക്കപ്പെടുകയും ചെയ്യും എന്നതാണ് മാജിക്കൽ റിയലിസത്തിന്റെ പ്രത്യേകത. ഗബ്രിയേൽ ഗാർസിയ മാർക്വെസിന് നോബൽ സമ്മാനം നേടിക്കൊടുത്ത 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' (One Hundred Years of Solitude) എന്ന നോവലാണ് മാജിക്കൽ റിയലിസത്തെ ശ്രദ്ധേയമാക്കിയത്

**ഓർമയിൽ സൂക്ഷിക്കാൻ**

* കാട്ജിനെ ഇന്ത്യാസ് - ലാറ്റിനമേരിക്കൻ തുറമുഖനഗരം കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള സ്ഥലം.
* മാഡ്രിഡ് : യൂറോപ്യൻ രാജ്യമായ സ്പെയിനിന്റെ തലസ്ഥാനമായ പരിഷ്കൃത നഗരം. പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള, നദിയോ കടലോ ഇല്ലാത്ത നഗരം! പ്രകാശത്തിൽ തുഴഞ്ഞുനടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള പട്ടണം.
* പ്രധാനകഥാപാത്രങ്ങൾ : ടോട്ടോ, ജോവൽ, അച്ഛൻ, അമ്മ
* ചൂതാട്ടം മൂലം കടബാധ്യത വന്നതിനാൽ ജൻമനാടായ കാട്ജിനെ വിട്ട് മാഡ്രിഡിൽ താമസിക്കേണ്ടി വന്ന കുടുംബം.
* എല്ലാ ബുധനാഴ്ചകളിലും സിനിമയ്ക്കുപോകുന്ന മാതാപിതാക്കൾ.
* വർദ്ധിതമായ ഭാവനാശക്തിയും നിശ്ചയദാർഢ്യവുമുള്ള കുട്ടികളാണ് ടോട്ടോയും ജോവലും.
* പ്രകാശം ജലംപോലെയാണെന്ന ആഖ്യാതാവിന്റെ പ്രസ്താവന.

* കുട്ടികൾക്കു പാകത വന്നു തുടങ്ങിയെന്ന പിതാവിന്റെ വിലയിരുത്തൽ.
* അപാർട്ടുമെന്റിൽ നിന്നു പുറപ്പെട്ട സുവർണപ്രകാശത്തിന്റെ പ്രളയത്തിൽ മുങ്ങുന്ന മാഡ്രിഡ് നഗരത്തിന്റെ തെരുവുകൾ.
* മാഡ്രിഡ് ഉൾപ്പെടുന്ന സ്പെയിനിന്റെ കോളനിയായിരുന്നു കൊളംബിയ ഉൾപ്പെടെയുള്ള ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്ന ചരിത്രവസ്തുത.
* പ്രകാശത്തിൽ തുഴയുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്തവരാണ് മാഡ്രിഡ് നിവാസികളെന്ന് ആഖ്യാതാവു സൂചിപ്പിക്കുന്നു.

**ആസ്വദിക്കാം, വിശകലനം ചെയ്യാം**

* ആഖ്യാനസവിശേഷതകൾ

**സൂചനകൾ**

1. ആഖ്യാതാവ് കഥ പറയുന്ന രീതി സ്വീകരിച്ചിരിക്കുന്നു.
2. ആഖ്യാതാവ് കഥയിൽ ഇടപെടുന്ന സന്ദർഭങ്ങളും ഉണ്ട്.

കഥാകൃത്ത് അഥവാ ആഖ്യാതാവ് ഇടപെടുന്ന പല സന്ദർഭങ്ങളും കഥയിൽ കാണാനാവും. വീട്ടുപകരണങ്ങളിലെ കവിത എന്ന വിഷയത്തിലുള്ള ചർച്ചയ്ക്കിടയിൽ ടോട്ടോയുടെ ചോദ്യത്തിന് മറുപടിയായി ആഖ്യാതാവാണ് പ്രകാശം ജലംപോലെയാണ് എന്ന ആശയം അവതരിപ്പിക്കുന്നത്. ഈ പ്രസ്താവന കുട്ടികളിലുളവാക്കിയ സ്വാധീനമാണ് കഥാഗതിയെ മാറ്റിമറിക്കുന്നത്.

മുങ്ങൽ സാമഗ്രികൾ വാങ്ങിയശേഷം അപാർട്ട്മെന്റിൽ പന്ത്രണ്ടടി പൊക്കത്തിൽ പ്രകാശജലം നിറച്ച് മുങ്ങിത്തപ്പുന്ന കുട്ടികളെ അവതരിപ്പിക്കുന്നതിനിടയിൽ ആഖ്യാതാവ് നടത്തുന്ന പരാമർശവും ശ്രദ്ധേയമാണ്. കളഞ്ഞുപോയതും വർഷങ്ങളായി ഇരുട്ടിലായിരുന്നതുമായ പലതിനെയും അവർ പ്രകാശത്തിന്റെ അടിത്തട്ടിൽ നിന്നു കണ്ടെടുത്തു എന്നത് കുട്ടികൾ തങ്ങൾക്ക് നഷ്ടപ്പെട്ട ജന്മനാടിന്റെ സൗഭാഗ്യങ്ങളെയും, കൈമോശം വന്ന സംസ്കാരത്തെയും ജീവിതരീതികളെയും ഭാവനയിലൂടെ വീണ്ടെടുക്കുന്നതിന്റെ വ്യക്തമായ സൂചന നൽകുന്നു.

കഥാന്ത്യത്തിൽ മാഡ്രിഡിനെ, പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം സ്വായത്തമാക്കാത്ത ജനങ്ങളുടെ നഗരം എന്നു വിശേഷിപ്പിക്കുന്നതും ആഖ്യാതാവിന്റെ ഇടപെടലാണ്. യൂറോപ്പ് കേന്ദ്രീകരിച്ചുവളർന്നുവന്ന ശാസ്ത്രബോധത്തിലും യുക്തിചിന്തയിലും ലാഭബോധത്തിലും അധിഷ്ഠിതമായ യൂറോപ്യൻ ജീവിതരീതിയോടും ലോകക്രമത്തോടുമുള്ള വിയോജിപ്പും ഭാവനാത്മകമായ ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയത്തോടുള്ള ആഭിമുഖ്യവും ഇതിലൂടെ കഥാകൃത്ത് വ്യക്തമാക്കുന്നു.

3. മാജിക്കൽ റിയലിസത്തിന്റെ സമർഥമായ ഉപയോഗം.

മാജിക്കൽ റിയലിസത്തെക്കുറിച്ച് മുമ്പു സൂചിപ്പിച്ചുവല്ലോ. കഥയിലെ സ്വാഭാവികമായ കുടുംബാന്തരീക്ഷ ചിത്രീകരണത്തോട് ഇടകലർന്നുതന്നെ അസ്വാഭാവികമായ സംഭവങ്ങളും വിളക്കിച്ചേർത്താണ് കഥാകൃത്ത് മാജിക്കൽ റിയലിസത്തിന്റെ മനോഹരമായ ആവിഷ്കാരം നിർവ്വഹിച്ചിട്ടുള്ളത്.

ബുധനാഴ്ച അച്ഛനമ്മമാർ സിനിമയ്ക്കുപോയപ്പോൾ കുട്ടികൾ സ്വീകരണമുറിയിലെ വിളക്കുകളിൽ ഒരെണ്ണം പൊട്ടിക്കുകയും പൊട്ടിയ ബൾബിൽനിന്നും വെള്ളത്തിന്റെ കുത്തൊഴുക്കുപോലെ സ്വർണപ്രകാശം പുറത്തേക്കൊഴുക്കുകയും ചെയ്തു എന്നു പറയുന്നതോടെ സാധാരണമായ അന്തരീക്ഷത്തിൽനിന്ന് മായികമായ ഒരന്തരീക്ഷത്തിലേക്ക് കഥ മാറുന്നു. പിന്നീട് കുട്ടികൾ ഇതു പലവുരു ആവർത്തിച്ചുകൊണ്ടിരുന്നു.

ടോട്ടോയും ജോവലും സഹപാഠികൾക്ക് പാർട്ടി നടത്തുന്ന ദിവസത്തെ സംഭവങ്ങളുടെ വർണനയിൽ മാജിക്കൽ റിയലിസത്തിന്റെ മാന്ത്രികത മുഴുവൻ ദൃശ്യമാകുന്നു. മരങ്ങൾക്കിടയിൽ മറഞ്ഞുനിൽക്കുന്ന വീട്ടിൽനിന്ന് പ്രകാശത്തിന്റെ പ്രവാഹം ഒരു വെള്ളച്ചാട്ടംപോലെ വരുന്നു. അത്ഭുതക്കാഴ്ച കാണുന്ന ജനങ്ങൾ, പ്രകാശത്തിന്റെ സുവർണ പ്രളയത്തിൽ മുങ്ങുന്ന തെരുവുകൾ, പ്രകാശത്തിന്റെ വെള്ളപ്പൊക്കത്തിൽ മുങ്ങിത്താണുപോയ കുട്ടികൾ എന്നിങ്ങനെ മായക്കാഴ്ചകളുടെ ഒരു പരമ്പരതന്നെ അവതരിപ്പിക്കപ്പെടുന്നു.

4. സംഭാഷണശകലങ്ങളിലൂടെയും സൂചനകളിലൂടെയും ലഭ്യമാകുന്ന അർഥസാധ്യതകൾ.

താരതമ്യേന ചെറിയൊരു കഥയാണ് 'പ്രകാശം ജലം പോലെയാണ്.' അതിലെ സംഭാഷണങ്ങളുടെയും സൂചനകളുടെയും സൂക്ഷ്മവായന കഥാതന്തുവിനെ വിശാലമായ അർഥതലങ്ങളിലേക്ക് ഉയർത്താൻ സഹായകമാണ്.

മാഡ്രിഡ് നഗരത്തിന്റെയും കാട്ജിനെയുടെയും സവിശേഷതകൾ

കുട്ടികളുടെ സ്വഭാവ സവിശേഷതകളായ നിശ്ചയദാർഢ്യം, അതിരില്ലാത്ത ഭാവന

കുട്ടികളോടുള്ള അച്ഛനമ്മമാരുടെ സമീപനം, സ്നേഹം, വിലയിരുത്തൽ.

കുടുംബം മാഡ്രിഡിൽ താമസിക്കാനിടയായ പശ്ചാത്തലം

തുടങ്ങിയവയൊക്കെ കണ്ടെത്താൻ കഴിയുന്നതെങ്ങനെയെന്നു പരിശോധിക്കൂ.

ഉഗ്രപ്രകാശത്തിന്റെ ആ ചതുപ്പുനിലത്തിൽ ജീവനോടെ സന്തോഷത്തോടെ അവശേഷിച്ചവ അമ്മയുടെ അക്വേറിയത്തിൽ നിന്നു സ്വതന്ത്രരായ വർണമത്സ്യങ്ങൾ മാത്രമായിരുന്നു എന്ന വർണനയുടെ സവിശേഷമായ അർഥം എന്താവാം.

അവ ടോട്ടോയെയും ജോവലിനെയും ഉദ്ദേശിക്കുന്നുണ്ടോ?

സ്വാഭാവികസാഹചര്യങ്ങളിൽ ജീവിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കാൻ ഈ പ്രസ്താവന സഹായകമാണോ?

**കഥാപാത്ര വിശകലനം**

**ടോട്ടോയും ജോവലും**

സൂചനകൾ : ജന്മനാടായ കാട്ജിനെയിലെ ബാല്യകാലം.

* മാഡ്രിഡിലേക്ക് പറിച്ചുനടപ്പെട്ട സാഹചര്യം
* മാഡ്രിഡിലെ ജീവിതത്തിന്റെ വിരസത.
* നഷ്ടപ്പെട്ട സന്തോഷങ്ങൾ ഭാവനയിലൂടെ തിരിച്ചെടുക്കാനുള്ള ശ്രമം; ആസൂത്രണം.
* തുഴവള്ളം വാങ്ങൽ, തുടർന്നുള്ള ആവശ്യങ്ങളും ആസൂത്രിതമാകാം.
* ഭാവനാശക്തി - പ്രകാശം ജലംപോലെയാണ് എന്ന ആശയത്തെ ആഖ്യാതാവിന്റെ പ്രസ്താവനയിൽ നിന്ന് പ്രായോഗിക തലത്തിലേക്ക് വളർത്തിയത് ടോട്ടോയും

ജോവലുമാണല്ലോ.

* നിശ്ചയദാർഢ്യം - തുഴവള്ളം വാങ്ങണമെന്ന ആവശ്യത്തിൽ ഉറച്ചുനിന്നത്, തുടർന്നുള്ള ആവശ്യങ്ങളിലും.

ഓരോ സന്ദർഭത്തിലും മികച്ച വിദ്യാർഥികളായി തിരഞ്ഞെടുക്കപ്പെടുന്നത്.

ഭാവനയിലൂടെ പലതും വീണ്ടെടുക്കുന്നത്.

കുട്ടികളുടെ സ്വഭാവത്തെക്കുറിച്ചുള്ള അമ്മയുടെ വാക്കുകളും ഈ ആശയം വിശദീകരിക്കാൻ ഉപയോഗിക്കാം.

**മാതാപിതാക്കൾ**

* കുട്ടികളുടെ ലോകവും മുതിർന്നവരുടെ ലോകവും കഥയിൽ ഉണ്ടെന്ന സൂചന.
* കുട്ടികളുടെ ഭാവനാത്മകമായ ലോകം.
* മുതിർന്നവരുടെ ലോകം യാഥാർഥ്യങ്ങൾക്ക് പ്രാധാന്യമുള്ളത്.
* ചൂതാട്ടത്തിലൂടെ വന്ന കടം കാരണം മാഡ്രിഡിലേക്കു കുടിയേറേണ്ടിവന്ന അവസ്ഥ.
* പ്രശ്നങ്ങൾക്കിടയിലും കുട്ടികളെ നന്നായി സംരക്ഷിക്കാനും സ്നേഹിക്കാനും മനസ്സിലാക്കാനുമുള്ള ശ്രദ്ധ.
* കുട്ടികളുടെ ആവശ്യങ്ങളിലെ യുക്തിയില്ലായ്മ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും അവ സാധിച്ചുകൊടുക്കുന്നത് ശ്രദ്ധേയം.
* എല്ലാ ബുധനാഴ്ചയും സിനിമ കാണൽ - പ്രശ്നങ്ങളിൽ നിന്നുള്ള ഒരു തരം ഒളിച്ചോട്ടമാകാം.
* കുട്ടികൾ ഭാവനയിലൂടെ നഷ്ടസൗഭാഗ്യങ്ങൾ വീണ്ടെടുക്കുമ്പോൾ മുതിർന്നവർ വിനോദത്തിൽ അഭയം തേടുന്നതും ആകാം.

**അല്പം ചരിത്രവും രാഷ്ട്രീയവും**

തെക്കേ അമേരിക്കയിലെ ഇരുപതോളം രാജ്യങ്ങളാണ് പൊതുവേ ലാറ്റിനമേരിക്കൻ രാജ്യങ്ങളെന്ന് അറിയപ്പെടുന്നത്. ബ്രസീൽ, മെക്സിക്കോ, അർജന്റീന, കൊളംബിയ, ചിലി, പെറു, നിക്കാരാഗ്വായ്, പരാഗ്വായ്, വെനിസ്വേല തുടങ്ങിയവ ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഉൾപ്പെടുന്നവയാണ്. പോർച്ചുഗൽ, സ്പാനിഷ് ഭാഷകൾക്കാണ് ഈ രാജ്യങ്ങളിൽ പ്രാമുഖ്യം. ഫുട്ബോൾ കളിയുമായി ബന്ധപ്പെട്ട് ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്ക് ലോകമെങ്ങും ആരാധകരുണ്ട്. ഫുട്ബോളിന്റെ കാര്യത്തിലെന്നപോലെ രാഷ്ട്രീയ അസ്ഥിരതയുടെ കാര്യത്തിലും സവിശേഷമായ സാഹിത്യസംഭാവനകളുടെ കാര്യത്തിലും കൂടി പ്രസിദ്ധമാണ് ലാറ്റിൻ അമേരിക്ക. നാം പരിചയപ്പെട്ട ഗബ്രിയേൽ ഗാർസിയ മാർകെസിനെ കൂടാതെ പാബ്ലോ നെരൂദ, ഫുവാന്തിസ്, ഗാർസിയലാർക, ഹുവാൻറൂൾഫോ തുടങ്ങി അനേകം ലോകപ്രശസ്തസാഹിത്യപ്രതിഭകൾ ലാറ്റിനമേരിക്കയുടെ സംഭാവനകളാണ്.

ലാറ്റിനമേരിക്കൻ രാജ്യങ്ങളധികവും സ്പെയിനിന്റെയും പോർച്ചുഗലിന്റെയും കോളനികളായിരുന്നു. മാർകെസിന്റെ ജന്മനാടായ കൊളംബിയ നൂറ്റാണ്ടുകളോളം സ്പെയിനിന്റെ അധിനിവേശത്തിൻ കീഴിലായിരുന്നു. ഒട്ടേറെക്കാലം നീണ്ട രക്തരൂക്ഷിതമായ

പോരാട്ടങ്ങളിലൂടെയാണ് ലാറ്റിനമേരിക്കൻ രാജ്യങ്ങളധികവും സ്വതന്ത്രരായത്.

നൂറ്റാണ്ടുകൾ നീണ്ട അധിനിവേശങ്ങൾ ലാറ്റിനമേരിക്കൻ ജനതയുടെ സ്വാഭാവിക സംസ്കാരം, ഭാഷകൾ, ആചാരങ്ങൾ തുടങ്ങിയവയെല്ലാം തകർത്തു. തങ്ങളെ അടിമകളാക്കിയ യൂറോപ്പിനോടുള്ള ആന്തരികമായ പ്രതിഷേധവും യൂറോപ്യൻ നാഗരികതയോടുള്ള വിയോജിപ്പും ലാറ്റിനമേരിക്കക്കാരിൽ വേരോടിയിട്ടുണ്ട്. അതിന്റെ പ്രതിഫലനം പ്രകാശം ജലം പോലെയാണ് എന്ന കഥയിലും കണ്ടെത്താം. കൂടുതൽ വ്യക്തത വരുത്താൻ KITE Victors Plus Two Malayalam class No. 6 വീണ്ടും കാണുമല്ലോ.

## ഭാവനയുടെ മാർക്വേസിയൻ രാഷ്ട്രീയം

*മാർക്വെസിന്റെ ഈ കഥ സവിശേഷം ശ്രദ്ധിക്കപ്പെടുന്നത് അതുണർത്തുന്ന സാംസ്കാരിവും രാഷ്ട്രീയവുമായ സൂക്ഷ്മവിമർശനത്താലാണ്. എങ്ങിനെയാണ് ഈ കഥ നിശിതമായ സാംസ്കാരിക വിമർശന മൂല്യം കൈവരിക്കുന്നത്? ചരിത്രപരമായി കഥ നിർവ്വഹിക്കുന്ന ദൗത്യം എന്താണ്? കഥയിൽ സവിശേഷം സന്നിവേശിപ്പിച്ചിട്ടുള്ള ഈ ഘടകങ്ങളെ വേർതിരിച്ചറിയാൻ കഴിയുക, മാജിക്കൽ റിയലിസം സമർത്ഥമായി ഉപയോഗിച്ചതെങ്ങിനെ എന്ന് ഇഴപിരിക്കുമ്പോഴാണ്. ലാറ്റിനമേരിക്കൻ രാജ്യങ്ങളെല്ലാം സുദീർഘമായ കാലം സ്പെയിൻ, പോർച്ചുഗൽ തുടങ്ങിയ വിവിധ യൂറോപ്യൻ രാജ്യങ്ങളുടെ കോളനികളായിരുന്നു. കൊളംബിയ മൂന്നു നൂറ്റാണ്ടുകാലമാണ് സ്പാനിഷ് അധിനിവേശത്തിന് കീഴിൽ അമർന്നു കിടന്നത്. രക്തരൂഷിതമായ യുദ്ധത്തിലൂടെയാണ് നാടിനെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കാൻ അവിടത്തെ വിപ്ലകാരികൾക്ക് കഴിഞ്ഞത്. സ്വന്തം മണ്ണിന്റെ സംസ്കാരവും സമ്പത്തും അധിനിവേശശക്തികൾ കടപുഴക്കുന്നത് നോക്കിനിൽക്കാൻ മാത്രം കഴിഞ്ഞ ഒരു ജനതയുടെ പിടച്ചിൽ ലാറ്റിനമേരിക്കൻ എഴുത്തുകാരുടെ രചനകളിൽ തെളിഞ്ഞു കാണാം. പ്രകാശം ജലം പോലെയാണ് എന്ന കഥയും നിലകൊള്ളുന്നത് ഈ ചരിത്രപരിസരത്ത് തന്നെയാണ്.*

*കഥയിൽ സവിശേഷമായി കടന്നു വരുന്നത് രണ്ടു സ്ഥലനാമങ്ങളാണ്, മാഡ്രിഡും കാട്ജിനെയും. മാഡ്രിഡ് സ്പെയിനിന്റെ തലസ്ഥാനമാണ്. വിസ്തൃതിയുടെയും ജനസംഖ്യയുടെയും കാര്യത്തിൽ ലോകത്തിലെ മെട്രോപൊലിറ്റൻ സിറ്റികളിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന പരിഷ്കൃത ആധുനിക നഗരം. കാട്ജിനെയാവട്ടെ കൊളംബിയയിലെ പ്രശസ്തമായ തുറമുഖ നഗരമാണ്. കടലിനോടു ചേർന്ന് നിൽക്കുന്ന, നദികളാലും ജലപാതകളാലും സമ്പന്നമായ, സാംസ്കാരികമായി വലിയ പ്രാധാന്യമുള്ള സ്ഥലം. കൊളംബിയയിലെ ദേശീയ പൈതൃക മ്യൂസിയം സ്ഥിതിചെയ്യുന്നത് കാട്ജിനെയിലാണ്. കഥയിലെ കാട്ജിനെയിൽ നിന്നുമുള്ള കുട്ടികൾ തങ്ങളുടെ ഭാവനയുടെ പ്രകാശപ്രളയത്താൽ മാഡ്രിഡ് നഗരത്തെ മുക്കിത്താഴ്ത്തുകയാണ്. ഇത് ചരിത്രപരവും അസാധാരണ വഴികളിലൂടെയുള്ളതുമായ പ്രതികാരമാണ് എന്ന് വായിക്കാവുന്നതാണ്.*

*പ്രകാശവും ജലവും ആണ് കഥയിലെ രണ്ട് പ്രധാന രൂപകങ്ങൾ. പോലെ എന്ന ഉപമാവാചകമാണ് രണ്ടിനെയും ബന്ധിപ്പിക്കുന്നത്. പ്രകാശവും ജലവും സാമ്യവും വ്യത്യാസവും ഉള്ള പ്രകൃതി പ്രതിഭാസങ്ങളാണ്. പ്രകൃതിയിൽ ജീവൻ സാധ്യമാകുന്നതിന് ഇവ രണ്ടും അത്യാവശ്യമാണ്. കഥയിൽ പക്ഷെ, ഇവ പ്രത്യക്ഷപ്പെടുന്നത് രണ്ടു ജീവിതാവസ്ഥകളുടെ പ്രതിനിധാനങ്ങൾ ആയിട്ടാണ്. സ്വാഭാവികമായ, പ്രകൃതി*

*പ്രതിഭാസമായ പ്രകാശമല്ല കഥയിൽ പ്രയോജനപ്പെടുത്തുന്ന പ്രകാശം. അത് വൈദ്യുതവിളക്കിൽ നിന്നും പ്രവഹിക്കുന്ന പ്രകാശമാണ്. വൈദ്യുതികൂടി സാധ്യമാക്കിയ ഒന്നാണ് ആധുനികത. ആധുനികമായ ജ്ഞാനത്തിന്റെ അടിസ്ഥാനം മനുഷ്യ നിർമ്മിതമായ ഈ പ്രകാശമാണ്. കഥയിലെ കുഞ്ഞുങ്ങൾ പ്രകാശത്തെ തിരിച്ചിടുകയാണ്. മുകളിൽ നിന്നും താഴേക്ക് വർഷിക്കുന്ന പ്രകാശത്തെ താഴെനിന്നും മുകളിലേക്ക് ഉയരുന്ന ജലമായി അവർ മാറ്റിത്തീർക്കുന്നു. ജ്ഞാനത്തെ സംബന്ധിക്കുന്ന ആധുനികബോധ ത്തെയാണ് അവർ തിരിച്ചിടുന്നത്. ജനതയുടെ ദീർഘകാലത്തെ അനുഭവവുമായി ബന്ധപ്പെട്ട അറിവുകൊണ്ടാണ് പുതിയ ജ്ഞാനരൂപങ്ങളെ തിരിച്ചിടാൻ അവർക്ക് കഴിയുന്നത്. ആധുനിക ജ്ഞാനത്തിന് പുറത്തുനിൽക്കുന്ന, മനുഷ്യന്റെ ആന്തരികമായ പൊരുളാണ് ഇവിടെ ഇതിനവർക്ക് ബലമായി വർത്തിക്കുന്നത്. അവരുടെ ഈ അനുഭവങ്ങളാകട്ടെ ആധുനികതയ്ക്ക് അയുക്തിയും അവിശ്വസനീയവുമാണ്. ലാറ്റിനമേരിക്കൻ ജനതയുടെ യാഥാർത്ഥ്യമാണ് തന്റെ രചനയിൽ ഉള്ളതെന്നും അതിനെ പുറത്തുള്ളവരാണ് മാന്ത്രികയാഥാർത്ഥ്യം എന്ന് വിളിക്കുന്നതെന്നും മാർക്വെസ് പലവട്ടം പറഞ്ഞിട്ടുണ്ട്. പ്രകാശവും ജലവും രണ്ട് പ്രതിനിധാനങ്ങൾ ആണെങ്കിൽ അവ യഥാക്രമം മാഡ്രിഡിനെയും കാട്ജിനെയെയും കൂടി ഓർമ്മിപ്പിക്കും. പ്രകാശം മുഖമുദ്രയായ മെട്രോ സിറ്റിയാണ് മാഡ്രിഡ്. പ്രാക്തനമായ ജലനിബിഡമായ പ്രദേശം കാട്ജിനെയും. പ്രകാശം വാസ്തവികതുടെയും ജലം നിഗൂഢതയുടെയും പ്രതീകങ്ങളാണ്. പ്രകാശം യാഥാർത്ഥ്യബോധത്തെയും ജലം ഭാവനയെയും ആണ് ഉണർത്തുക. ഗൂഢമായ സൗന്ദര്യത്തിന്റെ ഇരുണ്ടതും വന്യവുമായ ലോകങ്ങളെ മനുഷ്യഭാവനയിൽ നിന്നും പുറന്തള്ളിയത് യുക്തിയുടെയും യാഥാർത്ഥ്യത്തിന്റെയും തീക്ഷ്ണപ്രകാശമാണ്. ആ പ്രകാശത്തെത്തന്നെ ഭാവനാത്മകമായി പുനർനിർവചിക്കുകയാണ് കഥയിലെ കുട്ടികൾ ചെയ്യുന്നത്.*

*മാഡ്രിഡും കാട്ജിനെയും കേവലം രണ്ടു സ്ഥലനാമങ്ങൾ മാത്രമല്ല. രണ്ടു സംസ് കാരത്തിന്റെ, ചിന്താരീതിയുടെ, ജീവിതവീക്ഷണത്തിന്റെ പ്രതിനിധാനങ്ങൾ കൂടിയാണ് അവ. കാട്ജിനെ കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള തുറമുഖ നഗരമാണ്. ഉൾക്കടലിനു അഭിമുഖമായുള്ള അവരുടെ വീടിന് ബോട്ടുകൾ അടുപ്പിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ സ്ഥലവും അതായിരുന്നു. രണ്ടു വലിയ വള്ളങ്ങൾ വെക്കുന്നതിനുള്ള ഷെഡ്ഡും ഉണ്ടായിരുന്നു. എന്നാൽ പരിഷ്കൃത നഗരമായ മാഡ്രിഡിൽ അവർ താമസിക്കുന്നത് ഒരു വലിയ ഫ്ളാറ്റ് സമുച്ചയത്തിലെ അഞ്ചാംനിലയിലെ കുടുസ്സായ അപ്പാർട്ട്മെന്റിൽ ആണ്. പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള, നദിയോ കടലോ ഇല്ലാത്ത സ്ഥലം എന്നാണ് കഥയിൽ മാഡ്രിഡ് നഗരത്തെ വിശേഷിപ്പിക്കുന്നത്. മാഡ്രിഡ് നഗരത്തിന്റെ ഒടുവിലത്തെ വിശേഷണമായി ഉപയോഗിക്കുന്ന, കഥയിലെ അവസാന വാക്യത്തിലാണ് മാർക്വെസ് കഥയുടെ മർമ്മം പൊതിഞ്ഞു വച്ചിരിക്കുന്നത്. പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള നഗരം എന്നതാണത്.*

*ശാസ്ത്രം എന്ന സംജ്ഞയെത്തന്നെ പ്രശ്നവൽക്കരിക്കുകയാണ് മാർക്വെസ് ചെയ്യുന്ന ത്. കൃത്യമായ തത്ത്വങ്ങളാൽ വ്യാഖ്യാനിക്കാൻ കഴിയുന്നതും യുക്ത്യധിഷ്ഠിതമായി വിശദീകരിക്കാൻ കഴിയുന്നതും മാത്രമാണ് പരിഷ്കൃത നഗരമനുഷ്യരെ സംബന്ധിച്ചിട ത്തോളം ശാസ്ത്രം. എന്നാൽ ആധുനിക പരിഷ്കാരങ്ങളിൽ പെട്ടിട്ടില്ലാത്ത മനുഷ്യർ അവരുടെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളാൽ ഉറച്ചുപോയ ശീലങ്ങളെയും ശാസ്ത്രം എന്നു തന്നെ വിളിക്കുന്നു. മിത്തും യാഥാർത്ഥ്യവും വേർതിരിഞ്ഞല്ല അവരിൽ*

*വസിക്കുക കഥാകാരനെ സംബന്ധിച്ചിടത്തോളം കെട്ടുകഥകളും ഐതിഹ്യങ്ങളും വിശ്വാസങ്ങളുമെല്ലാം കൂടിക്കലർന്നു നിൽക്കുന്ന, ആന്തരികമായ ആ ലോകം പ്രധാനമാണ്. അവ ശാസ്ത്രം കൂടിയാണ് ഭാവനാത്മകമായ അത്തരം അനുഭവങ്ങളിലൂടെ കടന്നുപോകാൻ കഴിയാത്ത ദേശത്തോടുള്ള സഹതാപം പ്രകടിപ്പിക്കുകയാണ് കഥാകൃത്ത് ചെയ്യുന്നത്.*

*ഭാവനയുടെ രാഷ്ട്രീയമാണ് മാർകെസിന്റെ കഥയുടെ കേന്ദ്രം. എന്തിനു വേണ്ടിയാണ് മാജിക്കൽ റിയലിസത്തിന്റെ വിസ്മയ കംബളങ്ങൾ നിവർത്തി ഭാവനയുടെ അപ്രമാദിത്വം മാർകെസ് ഈ കഥയിൽ പ്രഖ്യാപിക്കുന്നത് എന്നന്വേഷിക്കുമ്പോഴാണ്, ഈ ഭാവന ചരിത്രപരം കൂടിയാണെന്നു വെളിവാക്കുക. അത് പ്രകടവും രാഷ്ട്രീയ ധ്വനികൾ ഉള്ളടങ്ങിയതും ആണ്. തങ്ങളെ ഭൗതികമായി മൂന്നു നൂറ്റാണ്ടോളം ചൂഷണം ചെയ്ത സാമ്രാജ്യത്തോട് ഭാവനയുടെയും സംസ്കാരത്തിന്റെയും മഹാപ്രവാഹം ഉണർത്തി വിട്ടുകൊണ്ടാണ് മാർകെസ് കണക്കുതീർക്കുന്നത്*

(പി. പ്രേമചന്ദ്രന്റെ ലേഖനത്തിൽനിന്ന്)

**ചോദ്യമാതൃകകൾ പരിചയപ്പെടാം**

2 സ്കോറിനുള്ള ബഹുവികല്പ ചോദ്യങ്ങൾ (Multiple Choice)

2 സ്കോറിനുള്ള അതിഹ്രസ്വോത്തര ചോദ്യങ്ങൾ

4 സ്കോറിനുള്ള ഹ്രസ്വോത്തര ചോദ്യങ്ങൾ

6 സ്കോറിനുള്ള ലഘൂപന്യാസ ചോദ്യങ്ങൾ

8 സ്കോറിനുള്ള ഉപന്യാസ ചോദ്യങ്ങൾ തുടങ്ങി എല്ലാത്തരം ചോദ്യങ്ങളും ഈ കഥയെ ആസ്പദമാക്കി ചോദിക്കാൻ സാധ്യതയുണ്ട്. ചില സാധ്യതകളും മാതൃകകളും പരിശോധിക്കാം.

**1. 2 സ്കോർ ബഹുവികല്പ ചോദ്യങ്ങൾ**

* പാഠഭാഗവുമായി ബന്ധപ്പെട്ട സവിശേഷതകൾ കണ്ടെത്തൽ.
* വാക്യങ്ങളുടെ, പ്രയോഗങ്ങളുടെ അർഥതലം സൂചനകളിൽ നിന്ന് കണ്ടെത്തൽ.
* പ്രസ്താവനകളുടെ അർഥത്തോട് യോജിക്കുന്നവ/യോജിക്കാത്തവ സൂചനകളിൽ നിന്ന് കണ്ടെത്തൽ.
* കഥാപാത്രസ്വഭാവത്തോട് ചേർന്നു നിൽക്കുന്നവ സൂചനകളിൽ നിന്ന് തിരഞ്ഞെടുക്കൽ-ഇത്തരത്തിലുള്ള ചോദ്യങ്ങളാവും ഈ ഭാഗത്തു വരിക

ഉദാഹരണം:

ചോദ്യം : താഴെപ്പറയുന്നവയിൽ നിന്നും മാജിക്കൽ റിയലിസത്തിന്റെ സ്വാധീനമുള്ള രണ്ട് വാക്യങ്ങൾ തിരഞ്ഞെടുത്ത് എഴുതുക.

**സൂചനകൾ**

* കുട്ടികൾ നിശ്ചയദാർഢ്യമുള്ളവരായിരുന്നു.

* നിലത്തുനിന്ന് മൂന്നടിയോളം ഉയരത്തിൽ പ്രകാശം തളംകെട്ടി.

* പ്രകാശം സുവർണപ്രളയമായി തെരുവിലൂടെ ഒഴുകുന്നു.

* വേണമെങ്കിൽ ടീച്ചറുടെ കസേരപോലും അവർ നേടിയെടുക്കും.

രണ്ടാമത്തെയും മൂന്നാമത്തെയും സൂചനകളാണ് ശരിയായവ എന്ന് വ്യക്തമാണല്ലോ. ഇതുപോലെ മാജിക്കൽ റിയലിസത്തിന്റെ സ്വാധീനമുള്ള വാക്യങ്ങൾ പാഠഭാഗത്തിൽ നിന്നും പട്ടികപ്പെടുത്താൻ ശ്രമിക്കുമല്ലോ.

**2. 2 സ്കോർ അതിഹ്രസ്വോത്തര ചോദ്യങ്ങൾ**

* കഥാപാത്രങ്ങളുടെ പ്രത്യേകത കണ്ടെത്തൽ
* വാക്യങ്ങളുടെ അർഥതലം കണ്ടെത്തൽ.
* സ്ഥലങ്ങളുടെ സവിശേഷതകൾ കണ്ടെത്തൽ.
* സൂചനകൾ തയ്യാറാക്കൽ.

തുടങ്ങിയവ 2 സ്കോറിന് ചോദിക്കാനിടയുള്ളവയാണ്. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതിയാൽ മതിയാകും.

**3. 4, 6, 8 സ്കോർ ചോദ്യങ്ങൾ**

4 സ്കോർ ഉള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെയും 6 സ്കോർ ഉള്ളവയ്ക്ക് ഒരു പുറത്തിൽ കവിയാതെയും 8 സ്കോറിന് ഒന്നരപ്പുറത്തിൽ കവിയാതെയുമാണ് ഉത്തരമെഴുതേണ്ടത്.

ലഘുക്കുറിപ്പ് തയ്യാറാക്കൽ, വിശകലനക്കുറിപ്പ് തയ്യാറാക്കൽ, സാധുത പരിശോധിക്കൽ, താരതമ്യക്കുറിപ്പ് തയ്യാറാക്കൽ, പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ, സ്വാഭിപ്രായം രൂപീകരിക്കൽ, കഥാപാത്രസ്വഭാവം വിലയിരുത്തൽ, അർഥതലങ്ങൾ കണ്ടെത്തൽ, ആഖ്യാന സവിശേഷതകൾ കണ്ടെത്തൽ തുടങ്ങിയ വൈവിധ്യമാർന്ന ചോദ്യങ്ങൾ പാഠഭാഗത്തിൽ നിന്നുവരാൻ സാധ്യതയുണ്ട്.

**ചോദ്യമാതൃകകൾ**

* പ്രകാശം ജലംപോലെയാണ് എന്ന കഥയിലെ കുട്ടികളുടെ സ്വഭാവത്തിലെ നിശ്ചയദാർഢ്യം പ്രകടമാവുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക. (2 സ്കോർ)
* കുട്ടികളുടെ സ്വഭാവത്തിലെ രണ്ട് സവിശേഷതകൾ കഥയിൽ നിന്ന് ഉദാഹരണങ്ങൾ നൽകി വ്യക്തമാക്കുക. (4 സ്കോർ)
* കുട്ടികളുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക. (6 സ്കോർ)
* കുട്ടികളുടെയും അച്ഛനമ്മമാരുടെയും സ്വഭാവസവിശേഷതകൾ കഥാസന്ദർഭങ്ങൾ വിശകലനം ചെയ്തു വിശദീകരിക്കുക. (8 സ്കോർ)

**കൂടുതൽ ചോദ്യങ്ങൾ**

1. "കാട്ജിനെ ഇന്ത്യാസ്, മാഡ്രിഡ് - എന്നീ നഗരങ്ങൾ രണ്ടു സംസ്കാരങ്ങളുടെ പ്രതീകങ്ങൾ കൂടിയാണ്" - ഈ പ്രസ്താവന വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം കുറിപ്പായി എഴുതുക. (സ്കോർ 6)

2. ടോട്ടോയും ജോവലും അച്ഛനമ്മമാർ കരുതിയതിനേക്കാൾ നിശ്ചയദാർഢ്യമുള്ളവരായിരുന്നു - കഥാസന്ദർഭങ്ങൾ സൂചിപ്പിച്ച് ഈ പ്രസ്താവന വിശകലനം ചെയ്യുക.
(സ്കോർ 6)

3. കുട്ടികളുടെ സ്വഭാവത്തെക്കുറിച്ച് അമ്മയുടെ നിരീക്ഷണം എന്താണ് - അവയോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക. (സ്കോർ 4)

4. 'കളഞ്ഞുപോയ, വർഷങ്ങളായി ഇരുട്ടിലായിരുന്ന പലതിനെയും അവർ പ്രകാശത്തിന്റെ അടിത്തട്ടിൽനിന്നും കണ്ടെടുത്തു' - പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ ആഖ്യാതാവ് ഇപ്രകാരം പരാമർശിക്കുന്നതെന്തുകൊണ്ടാവാം? വിശകലനം ചെയ്യുക.

5. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ വിവരിക്കുക. (സ്കോർ 8)

6. ഭാവനയും യാഥാർഥ്യവും കെട്ടുപിണഞ്ഞുകിടക്കുന്ന രചനാരീതിയും, ധ്വന്യാത്മകതയുമാണ് 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ രസനീയമാക്കുന്നത് - ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
(സ്കോർ 8)

7. ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ അയുക്തികമായ കാര്യങ്ങൾ ഭാവനയുടെ മാന്ത്രികതയിൽ യാഥാർഥ്യമായി മാറുന്നു 'പ്രകാശം ജലം പോലെയാണ്' എന്ന കഥയെ ആസ്പദമാക്കി ഈ പ്രസ്താവന വിശകലനം ചെയ്യുക.

8. 'മാഡ്രിഡ് നഗരത്തെ ഭാവനയിലൂടെ, തങ്ങളുടെ ജന്മദേശമായ കാട്ജിനെയാക്കി മാറ്റുകയാണ് ടോട്ടോയും ജോവലും' - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. (സ്കോർ 6)

9. 'പ്രകാശത്തിൽ തുഴഞ്ഞുനടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള നഗരമാണ് മാഡ്രിഡ്', എന്ന നിരീക്ഷണത്തിന്റെ അർഥതലങ്ങൾ ചർച്ച ചെയ്യുക. (സ്കോർ 6)

# കിരാതവൃത്തം

ആധുനിക മലയാളകവികളിൽ പ്രമുഖനായ കടമ്മനിട്ട രാമകൃഷ്ണന്റെ പ്രസിദ്ധ കവിതയാണ് 'കിരാതവൃത്തം'. ആവിഷ്കരിക്കപ്പെടുന്ന സാമൂഹികപ്രശ്നങ്ങളുടെ തീക്ഷ്ണത, പുതുമയുള്ള കാവ്യഭാഷ, സാർവ്വലൗകികമായ സാംസ്കാരിക ഭൂമിക തുടങ്ങി അനേകം സവിശേഷതകൾ ഈ കവിതയെ ശ്രദ്ധേയമാക്കുന്നു.

**കവിതയുടെ പശ്ചാത്തലം**

പൂർണമായി ആസ്വദിക്കുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമായ കവിതയാണ് കിരാതവൃത്തം. കിരാതൻ കാട്ടാളനാണ്. കാട്ടാളന്റെ വിശേഷങ്ങൾ, കാട്ടാളന്റെ കഥ, കാട്ടാളന്റെ ചുറ്റുപാട്, കാട്ടാളന്റെ ചരിത്രം എന്നിങ്ങനെ പല വ്യാഖ്യാനങ്ങൾ കിരാതവൃത്തമെന്ന തലക്കെട്ടിനു നൽകാൻ കഴിയും. നമ്മുടെ കഥകളിലെ കിരാതൻമാർ അഥവാ കാട്ടാളൻമാർ പൊതുവേ ദുഷ്ടസ്വഭാവമുള്ളവരും പ്രതിനായകൻമാരുമാണ്. കാട്ടാളൻമാർ, രാക്ഷസൻമാർ തുടങ്ങിയവരെയെല്ലാം ദുഷ്ടകഥാപാത്രങ്ങളും പ്രതിനായകരുമാക്കുന്നത് ഒരു സാമാന്യനിയമം പോലെ പാലിച്ചുപോരുന്നതിൽ നിന്നു വ്യത്യസ്തമായി ഒരു ദുരന്തനായകന്റെ പരിവേഷത്തോടെ നിലകൊള്ളുന്ന കാട്ടാളനെയാണ് 'കിരാതവൃത്ത' എന്ന കവിതയിൽ നാം കാണുന്നത്.

വികസനത്തെക്കുറിച്ച് നിലനിൽക്കുന്ന മാമൂൽധാരണകൾ, കാട്ടാളൻ-നാട്ടാളൻ പ്രയോഗങ്ങളുടെ അർഥതലങ്ങൾ തുടങ്ങിയവയും ഈ കവിതയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. നഗരവൽക്കരണവുമായി ബന്ധപ്പെട്ട വികസനസങ്കൽപമാണ് പൊതുവേ സമൂഹത്തിൽ നിലനിൽക്കുന്നത്. നഗരത്തിലെ പ്രമുഖർക്കും സമ്പന്നജനങ്ങൾക്കും സഞ്ചരിക്കാനുതകുന്ന വിശാലമായ പാതകൾ, പാലങ്ങൾ, അവർക്ക് വൈദ്യുതിയും വെള്ളവും ലഭ്യമാക്കാൻ വൻകിട പദ്ധതികൾ, അവർക്ക് ലാഭം കൊയ്യാൻ വൻകിട വ്യവസായങ്ങൾ, ഫാക്ടറികൾ ഇതൊക്കെ ധാരാളമുണ്ടാകുന്നതാണ് വികസനം എന്നാണ് പൊതുവായ ധാരണ. ഇത്തരം വികസനപ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്ന സാധാരണക്കാർ, ദരിദ്രർ, നശിപ്പിക്കപ്പെടുന്ന വനങ്ങൾ, ആവാസവ്യവസ്ഥ നഷ്ടപ്പെടുന്ന ജീവജാലങ്ങൾ, ഇടിച്ചു നിരത്തപ്പെടുന്ന കുന്നുകൾ, മലിനമാക്കപ്പെടുന്ന നദികൾ, വിഷമയമാകുന്ന അന്തരീക്ഷം - ഇതൊന്നും കാര്യമായി കണക്കിലെടുക്കപ്പെടുന്നില്ല. അധികാരത്തോട് ചേർന്ന് നിൽക്കുന്നവരുടെയും സമ്പന്നരുടെയും താല്പര്യസംരക്ഷണമാണ് വികസനമെന്ന കാഴ്ചപ്പാടിനോടുള്ള പ്രതിഷേധം 'കിരാതവൃത്ത'ത്തിൽ കാണാം.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് നാം വിദേശികളുടെ അടിമകളായിരുന്നു. സ്വാതന്ത്ര്യം വലിയ പ്രതീക്ഷകളാണ് എല്ലാത്തരം ജനവിഭാഗങ്ങളിലും ഉണർത്തിയത്. എല്ലാവരെയും തുല്യരായി കാണുന്ന, എല്ലാത്തരം ജനങ്ങളുടെയും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന, വിഭവങ്ങൾ നീതിപൂർവ്വം വിതരണം ചെയ്യപ്പെടുന്ന ഒരു വ്യവസ്ഥയായി ജനാധിപത്യം വളരുമെന്ന് എല്ലാവരും വിശ്വസിച്ചു. സ്വാതന്ത്ര്യം ലഭിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും സമൂഹത്തിലെ താഴേത്തട്ടിലുള്ളവർക്കും, പാർശ്വവൽകൃതർക്കും ആദിവാസി

കൾക്കുമൊന്നും കാര്യമായ പരിഗണന ലഭിച്ചില്ലെന്നു മാത്രമല്ല, അവഗണന വല്ലാതെ വർധിക്കുകയും ചെയ്തു. ചൂഷണങ്ങൾ പഴയതിനേക്കാൾ അധികമായി. അധിനിവേശ കാലത്തേക്കാൾ വലിയ അധികാരപ്രയോഗങ്ങൾക്കും ജനാധിപത്യം സാക്ഷ്യം വഹിച്ചു. ഇത്തരം പ്രവണതകൾക്കെതിരെ ഇന്ത്യയൊട്ടാകെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രതിരോധങ്ങൾ ഉയർന്നുവരുകയുണ്ടായി. അവയുടെ അനുരണനം കടമ്മനിട്ടയുടെ കുറത്തി, കാട്ടാളൻ, കിരാതവൃത്തം തുടങ്ങിയ കവിതകളിൽ കേൾക്കാം.

## പാഠസംഗ്രഹം

കിരാതവൃത്തം എന്ന കവിതയെ മൂന്നു ഖണ്ഡങ്ങളായി തിരിക്കാം. കിരാതന്റെ ഇന്നത്തെ അവസ്ഥയും നിൽപും ഭാവമാറ്റങ്ങളുമാണ് ആദ്യഭാഗത്ത് ചിത്രീകരിക്കുന്നത്. തുടർന്ന് കിരാതൻ തന്റെ പൂർവ്വകാലങ്ങളെക്കുറിച്ചോർക്കുകയും തന്റെ നഷ്ടങ്ങളെക്കുറിച്ചു ബോധവാനാവുകയും ചെയ്യുന്നു. കിരാതന്റെ പ്രതികാരവും പ്രതീക്ഷയുമാണ് അവസാനഭാഗത്ത് ആവിഷ്കൃതമാവുന്നത്. കാട്ടാളന്റെ വർത്തമാനവും ഭൂതകാലവും ഭാവിയും ആവിഷ്കരിക്കുകയാണ് കവിതയെന്ന് സാമാന്യമായി പറയാം.

നീറായ വനത്തിന്റെ നടുവിൽ നിൽക്കുന്നവനായാണ് കാട്ടാളനെ അവതരിപ്പിക്കുന്നത്. കുഞ്ഞിനെ നോറ്റ് കിടക്കുന്ന ഈറ്റപ്പുലിയുടെ ജാഗ്രതയും ആർദ്രതയും ആ കണ്ണുകളിലുണ്ട്. ആക്രമണോത്സുകതയോടെ വാലിൽ കിളർന്നുനിൽക്കുന്ന കരിമൂർഖന്റെ ഭാവമാണ് അവന്റെ പുരികങ്ങൾക്ക്. നെഞ്ചത്തൊരു പന്തംകുത്തിയാണ് കാട്ടാളൻ നിൽക്കുന്നത്.

ആകാശത്ത് അച്ഛൻ ചത്തുകിടക്കുന്നതുകണ്ട് അവൻ നടുങ്ങുന്നു. മലയോരത്ത് അമ്മയിരുന്നു ദഹിക്കുന്നതുകണ്ട് അവന്റെ മനസ്സുകലങ്ങുന്നു. മാനഭംഗത്തിനിരയായ മാതാവിന്റെ നിലവിളി ഒരു ചാട്ടുളിയായി അവന്റെ കരളിൽ തറയ്ക്കുന്നു. അമ്മയോടുള്ള അതിക്രമമറിഞ്ഞ് അമ്മയുടെ രോദനം കേട്ട് കാട്ടാളൻ ക്രുദ്ധനാവുകയാണ്. അമ്പേറ്റ കരിമ്പുലിയെപ്പോലെയും ഉരുൾപൊട്ടിയ മാമലപോലെയും ഉലകാകെ വിറകൊള്ളും മട്ടിൽ അവൻ അലറുന്നു. അലകടലിന്റെ വേരുപറിക്കാൻ പോരുന്ന ശക്തിയോടെ അവൻ കുതറുന്നു.

സംഹാരമൂർത്തിയായി മാറുന്ന കാട്ടാളൻ തന്നെ, അടുത്തനിമിഷം നഷ്ടബോധത്തിന്റെ ദൈന്യത്തിലേക്കു വീഴുന്നുണ്ട്. മഴവെള്ളത്തിനു മാനം നോക്കിയിരിക്കുന്ന വേഴാമ്പലിനെപ്പോലെ, ഒരിറ്റു സ്നേഹത്തിനുവേണ്ടി, പരിഗണനയ്ക്കുവേണ്ടി അവൻ മാനത്തേക്കു നോക്കുന്നു. സ്നേഹത്തിനുവേണ്ടിയുള്ള ഭ്രാന്തമായ ദാഹത്തോടെ അവൻ മാനത്തേക്കു നോക്കുമ്പോഴും പ്രതീക്ഷയ്ക്കു വകയില്ല. മഴമേഘങ്ങൾ ജലമായ് പെയ്യാൻ തിരക്കിട്ട് സഞ്ചരിക്കുന്നതിനുപകരം ചത്തുകിടക്കുന്ന കാഴ്ചയാണ് കാണുന്നത്. മാന്തോപ്പുകൾ തീയേറ്റുരുകുമ്പോൾ, ആകാശം പോലും പ്രതീക്ഷ നൽകാതിരിക്കുമ്പോൾ കരിമരണം കാവലിരിക്കുന്ന കടുനോവിൻ കോട്ടയിലാണ് താനകപ്പെട്ടതെന്ന് കാട്ടാളനു തോന്നുന്നു.

നിരാശകൾ മാത്രം ബാക്കിയാവുന്ന ഈ അവസ്ഥയിലാണ് അവൻ ആഹ്ലാദവും സ്വാതന്ത്ര്യവും നിറഞ്ഞ ഭൂതകാലത്തെക്കുറിച്ചോർക്കുന്നത്. തന്റെ സ്വപ്നങ്ങൾ വിതച്ച മാനത്ത് ഇടിമിന്നലുകൾ പൂക്കളായ് വിടർന്നിരുന്നു. തുളസിക്കാടുകളുടെ സുഗന്ധം നിറഞ്ഞ ആ ദിനങ്ങളിൽ ഈറൻമുടികോതിയ സുന്ദരസന്ധ്യകൾ വിരുന്നുവന്നിരുന്നു. മുത്തങ്ങാപ്പുല്ലുകൾ വളരുന്ന കാനനത്താരകളിൽ പച്ചപ്പൈക്കൾ ചാടി നടന്നിരുന്നു. കറുകപ്പുൽത്തുമ്പത്ത് നിലാവ് കളമെഴുതിപ്പാടിയ രാത്രികളും കാറ്റാകുന്ന ചിലങ്കകൾ കിലുക്കി കാട്ടാറിന്റെ കളകളമാകുന്ന തരിവളകൾ മുട്ടിയും ഇണകളോപ്പം ആനന്ദനൃത്തമാടിയും ലജ്ജയില്ലാതെ,

പ്രലോഭനമില്ലാതെ അതിരുകളില്ലാത്ത സ്നേഹത്തോടെ തന്റെ കൂട്ടരോടൊത്ത് ചുവടുവച്ചും പഴഞ്ചാറിലൂടെയൂറിയ ലഹരിനുകർന്നും സർവ്വതന്ത്രസ്വതന്ത്രരായി ആനന്ദിച്ച നാളുകൾ നഷ്ടമായിരിക്കുന്നു. തന്റെ നല്ലദിനങ്ങൾ നഷ്ടമായിരിക്കുന്നു. തേൻകൂടുകൾ തേടിപ്പോയ തന്റെ ആൺകുട്ടികളും പൂക്കൂടനിറയ്ക്കാൻ പോയ പെൺകുട്ടികളും മടങ്ങിയെത്തുന്നില്ല. അമ്മിഞ്ഞ ചുണ്ടിലൊട്ടിയ ആമ്പൽപ്പൂമൊട്ടുപോലുള്ള ആ കുരുന്നുകൾ എവിടെ? അവരുടെ ഇളംതളിരുപോലുള്ള എല്ലുകൾ കരിയുന്ന മണമാണോ നാഡികളിൽ തറയുന്നത്?

ഇത്തരം ചിന്തകളിലൂടെ കാട്ടാളൻ തന്റെ പ്രതികാരാനുഷ്ഠാനത്തിന് ഒരുമ്പെടുകയാണ്. അവന്റെ കണ്ണുകൾ മുരളുന്ന ഈറ്റപ്പുലിയെപ്പോലെ രൗദ്രഭാവമാർന്നു. കണ്ണുകളിൽനിന്നു തീത്തുള്ളികളടർന്നു. തീവ്രപീഡയാൽ മനസ്സു തകർന്നുപോയ അവൻ നട്ടെല്ലു നിവർന്നെഴുന്നേറ്റ് കരുത്തിന്റെ ശക്തികളെ ആവാഹിച്ചുണർത്തിക്കൊണ്ട് പ്രതികാരനിർവ്വഹണത്തിലേക്ക് കടക്കുന്നു.

കാടിനെ തകർത്തവർ, വംശത്തെ തകർത്തവർ, ആവാസ സ്ഥാനത്തെ അശുദ്ധമാക്കിയവർ - ആ വേട്ടക്കാരുടെ കൈയുകൾ കൽമഴുവാൽവെട്ടി, കബന്ധങ്ങളാക്കി ആറ്റിലൊഴുക്കും. അവരുടെ കുടൽമാലകൾകൊണ്ടു ലോകത്തിനു തോരണം ചാർത്തും. അവരുടെ കുരലുകളാൽ തീർത്ത കുഴലൂതി താൻ വിജയകാഹളം മുഴക്കും.

തന്റെ കുലവില്ലിനു പ്രാണഞരമ്പുകൾ പിരിച്ച് ഞാൺ തീർക്കും. ഇടിമിന്നലിനെ അമ്പാക്കി, അതിൽ അഗ്നിനിറച്ച് കാർമേഘങ്ങൾക്കു നേർക്കയച്ചു മഴപെയ്യിക്കും. ആ മഴ പെരുമഴയായി, പേമാരിയായി പൊഴിയുമ്പോൾ ഇന്നിന്റെ ചാരത്തിൽ നിന്നും വീണ്ടും ജീവന്റെ മുളകൾ പൊട്ടുകയും പുതിയ സൂര്യനും പിന്നാലെ അമ്പിളിയും വീണ്ടും വരികയും ചെയ്യും. കാനനഭംഗികൾ തിരിച്ചുവരും, ദുഃഖമകന്ന് വീണ്ടും താൻ ആഹ്ലാദിക്കും. ഇത്തരത്തിൽ പ്രതികാരത്തിന്റെയും പ്രതീക്ഷയുടെയും സ്വപ്നങ്ങളിലൂടെ കടന്നുപോവുന്ന കാട്ടാളൻ വീണ്ടും യാഥാർഥ്യത്തിലേക്കുണരുന്നതായി വർണിച്ചുകൊണ്ടാണ് കവിത അവസാനിക്കുന്നത്.

"നീറായവനത്തിൻ നടുവിൽ നിൽപ്പൂകാട്ടാളൻ
നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂകാട്ടാളൻ"

## കിരാതവൃത്തത്തിലെ കാട്ടാളൻ

ചൂഷണത്തിനിരയാകുന്ന, കുടിയൊഴിപ്പിക്കപ്പെടുന്ന, വർണ-വർഗ വിവേചനങ്ങൾക്കിരയാകുന്ന, പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ പ്രതിനിധിയാണ് കിരാതവൃത്തത്തിലെ കാട്ടാളൻ. അവൻ ശബ്ദമുയർത്തുന്നത് ഈ വിഭാഗങ്ങളിൽപ്പെട്ട മനുഷ്യർക്കു വേണ്ടി മാത്രമല്ല, വംശനാശത്തിനിരയാകുന്ന ജീവിവർഗങ്ങൾക്കുവേണ്ടിയും നശിപ്പിക്കപ്പെടുന്ന പരിസ്ഥിതിക്കുവേണ്ടിയും കൂടിയാണ്. സമ്പത്തും സ്വാധീനശക്തിയുമുള്ളവരുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പ്രകൃതിയെയും പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരെയും നിഷ്കരുണം ചൂഷണം ചെയ്യുന്ന വികസന സംസ്കാരത്തെ ചെറുക്കുന്നതിനാണ് അവൻ കൽമഴുവോങ്ങി പ്രതികാരനിർവ്വഹണത്തിനൊരുങ്ങുന്നത്.

കവിതയുടെ തുടക്കത്തിലെ കാട്ടാളന്റെ നിൽപ് നീറായ വനത്തിലാണ്. വനം അവന്റെ ആവാസസ്ഥലമാണ്. മറ്റനേകം ജീവജാലങ്ങളും പരസ്പരാശ്രിതത്തോടെ ജീവിക്കുന്ന

ഇടമാണ് വനം. നീറായ വനം എന്ന പ്രയോഗത്തിലൂടെ അത് നശിപ്പിക്കപ്പെട്ടതായി വ്യക്തമാകുന്നു. അതിനുകാരണക്കാരായവരോടുള്ള രോഷം അവന്റെ കണ്ണുകളിലും പുരികങ്ങളിലും പ്രതിഫലിക്കുന്നു. ഭൈരവിക്കോലം നെഞ്ചത്തു പന്തം കുത്തി പടയണിക്കളത്തിലെത്തുമ്പോഴെന്നപോലെ അവന്റെയുള്ളിൽ ജ്വലിക്കുന്ന ക്രോധം പ്രകടമാവുന്നു.

ആകാശത്തച്ഛൻ ചത്തുകിടക്കുന്നതും മലയോരത്തമ്മയിരുന്നു ദഹിക്കുന്നതുമാണ് കാട്ടാളൻ കാണുന്നത്. ആകാശത്തെ അച്ഛൻ ദൈവമാകാം, രക്ഷകനാകാം, സംരക്ഷണം നൽകുമെന്നു വിശ്വസിച്ചിരുന്ന അതീതശക്തികളേതുമാകാം. വിശാലമായ പ്രതീക്ഷയുടെ ആകാശത്തു സംരക്ഷകനായ അച്ഛൻ ചത്തുകിടക്കുകയാണ്. രക്ഷകനെത്തുമെന്നുള്ള വലിയ പ്രതീക്ഷയുടെ തകർച്ചയാണ് കാട്ടാളനെ നടുക്കുന്നത്.

അമ്മ പ്രകൃതിയാണ്. മലയോരത്തിരുന്നു ദഹിക്കുന്ന അമ്മയുടെ ചിത്രവും മുലപാതി മുറിഞ്ഞവളായി അമ്മയുയർത്തുന്ന രോദനവും അതു വ്യക്തമാക്കുന്നു. പ്രകൃതിമാതാവിന്റെ അവയവങ്ങളും ഉടയാടകളുമാണ് സസ്യലതാദികളും കുന്നുകളും പുഴകളുമൊക്കെയെന്ന സങ്കല്പം കവിതകളിൽ സാധാരണമാണല്ലോ. ജീവജാലങ്ങളുടെയെല്ലാം മാതാവാണ് പ്രകൃതിയെന്ന പരമ്പരാഗത സങ്കല്പത്തെ കിരാതവൃത്തം തിരസ്കരിക്കുന്നുണ്ട്. കിരാതനെപ്പോലെ പ്രകൃതിയോടിണങ്ങി ജീവിക്കുന്നവർക്കാണ് അവൾ അമ്മയാകുന്നത്. മറുപക്ഷത്തെ അമ്മയെ അശുദ്ധയാക്കുന്നവരായും അമ്മയുടെ മക്കളെ വേട്ടയാടുന്നവരായുമാണ് ചിത്രീകരിക്കുന്നത്.

അമ്മയുടെ വേദനയും അമ്മയുടെ രോദനവുമാണ് കാട്ടാളനെ കൂടുതൽ ക്രുദ്ധനാക്കുന്നത്. ദ്രാവിഡമായ അമ്മ ദൈവസങ്കല്പത്തിന്റെ സ്വാധീനതയും കാട്ടാളന്റെ ഭാവചിത്രീകരണത്തിൽ കാണാം.

എല്ലാം നഷ്ടപ്പെട്ടതിന്റെ വേദനയാൽ, നഷ്ടപ്പെടുത്തിയവരോടുള്ള ക്രോധത്താൽ നിലതെറ്റിയ കാട്ടാളന്റെ സ്വാഭാവിക ചിത്രീകരണം കവിതയിൽ കാണാം. കാട്ടാളന്റെ വികാരവിക്ഷോഭങ്ങൾ അനുക്ഷണം മാറിമറിയുന്നത് അതിന്റെ സൂചനയാണ്. അമ്മയോട് അതിക്രമം കാട്ടിയവരെ തകർക്കാൻ ഉലകാകെ ഉലയ്ക്കുംമട്ടിൽ അലറിയടുക്കുന്ന കാട്ടാളൻ, അടുത്തനിമിഷം ഒരിറ്റുസ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന വേഴാമ്പലിനെപ്പോലെ മാന്തോപ്പുകളുരുകുന്ന മണ്ണിൽ, മാനത്തേക്കു നോക്കിയിരിക്കുന്നതു നാം കാണുന്നു.

കാട്ടാളൻ തന്റെ സ്വതന്ത്രവും ആഹ്ലാദപൂരിതവുമായ ഭൂതകാലത്തെ ഓർക്കുന്നുണ്ട്. അതിന്റെ വർണ്ണനകളിൽ നിന്നും കേവലം വർത്തമാനകാലത്തിന്റെ മാത്രം പ്രതിനിധിയല്ല കിരാതനെന്നു വ്യക്തമാകുന്നു. ആദിമ ജനവിഭാഗങ്ങളുടെ തനതുസംസ്കാരസവിശേഷതകളും അവയുടെ ചരിത്രസൂചനകളും കലർന്നവയാണ് കാട്ടാളന്റെ ഭൂതകാലസ്മൃതികൾ. അവയിലൂടെ പടിപടിയായി ചൂഷണത്തിനും അധിനിവേശങ്ങൾക്കും ഇരയായ അനേകം തലമുറകളുടെ പ്രതിനിധി കൂടിയാണ് കാട്ടാളൻ എന്നു വ്യക്തമാകുന്നു.

ഭൂതകാലസ്മൃതികൾ പകരുന്ന ഊർജ്ജവും തന്നോടൊപ്പമുള്ളവർക്കും ഭാവിപ്രതീക്ഷകളായ കുട്ടികൾക്കും നേരിടേണ്ടി വരുന്ന ക്രൂരതകളെക്കുറിച്ചുള്ള അറിവും കാട്ടാളനെ പ്രതികാരസജ്ജനാക്കുന്നു. തങ്ങളെ തകർക്കാനെത്തുന്ന പ്രകൃതിചൂഷകരെ വേട്ടക്കാരായ കൊലയാളികളായാണ് കാട്ടാളൻ കാണുന്നത്. അവരോട് അതേനാണയത്തിൽ തിരിച്ചടിക്കാനാണവൻ വെമ്പൽ കൊള്ളുന്നത്. അവരുടെ തലവെട്ടി കബന്ധങ്ങൾ ആറ്റിലൊഴുക്കുമെന്നും കുടൽമാലകൾകൊണ്ട് ലോകത്തിനുതോരണം ചാർത്തുമെന്നും അവൻ

തീരുമാനിക്കുന്നുണ്ട്. ഹിംസാത്മകമായ പദങ്ങൾ ധാരാളമായുണ്ടെങ്കിലും പ്രകടമായ ഹിംസയ്ക്ക് കവി പ്രേരിപ്പിക്കുന്നുണ്ടെന്നു കരുതാനാവില്ല. കവിതയിലുടനീളമുള്ള അനുഷ്ഠാനപരമായ അന്തരീക്ഷവും അത്തരം സ്വാധീനവും ഈ ഭാഗത്തും ആരോപിച്ചാൽ മതിയാകും. അമ്മദൈവങ്ങൾ ദുഷ്ടശക്തികളെ നിഗ്രഹിക്കുന്ന അനുഷ്ഠാനപരമായ ഉച്ചാടനകർമ്മമെന്ന നിലയിൽ അഥവാ ശുദ്ധീകരണമെന്ന നിലയിൽ കാട്ടാളന്റെ പ്രതികാര നിർവ്വഹണത്തെ ഔചിത്യപൂർവ്വം വ്യാഖ്യാനിക്കാവുന്നതാണ്.

ശത്രുനിഗ്രഹം കഴിഞ്ഞ് ശാന്തതയിലേക്കു മടങ്ങുന്ന ഉഗ്രമൂർത്തിയെപ്പോലെ കാട്ടാളൻ പുതിയ പ്രതീക്ഷകളിലേക്കു മടങ്ങുന്നുണ്ട്. കാകോളക്കടലായ മാനത്തു ചത്തുകിടക്കുന്ന കരിമേഘങ്ങൾക്കുമേൽ, ഇടിമിന്നലൊടിച്ചു താൻ നിർമ്മിച്ച അമ്പു കൊള്ളിച്ചാണ് കാട്ടാളൻ പേമാരി പെയ്യിക്കുക. അതിൽനിന്നുത്ഭവംകൊള്ളുന്ന പ്രളയത്തിൽ വീണ്ടും പുതുമുളകൾ വിടരുമെന്നും ആനന്ദത്തിന്റെ സൂര്യനും അഴകിന്റെ ചന്ദ്രനും മടങ്ങിവരുമെന്നും കാട്ടാളൻ കരുതുന്നു. അവ സങ്കല്പങ്ങൾ മാത്രമാണെന്ന യാഥാർഥ്യം ഓർമ്മിപ്പിക്കാനാവണം ആദ്യവരികൾ അവസാനവും കവി ആവർത്തിക്കുന്നത്.

'കിരാതവൃത്ത'ത്തിലെ കാട്ടാളന് സംഹാരമൂർത്തിയായ ശിവനോടുള്ള സാധർമ്മ്യം നിരൂപകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കിരാതന്റെ പ്രതികാരത്തിലും തുടർന്നുള്ള ആനന്ദമൂർച്ഛയിലും കവിതയിൽ തന്നെയുള്ള സ്മൃതിനൃത്തത്തിലും ശിവന്റെ പ്രത്യേകതകളായ സംഹാരത്തിന്റെയും താണ്ഡവനടനത്തിന്റെയും സ്വാധീനം ദൃശ്യമാണ്.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ ആഫ്രിക്കയിൽ ആരംഭിച്ച 'കറുത്തകവിത'യോടും കിരാതവൃത്തത്തിന് ബന്ധമുണ്ട്. കറുത്ത വർഗക്കാരോടുള്ള വെള്ളക്കാരുടെ അവഗണനകൾക്കും ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെയുള്ള സാംസ്കാരികപ്രതിരോധമാണ് കറുത്ത കവിത.(Black poetry)

കൂടുതൽ മനസ്സിലാക്കാൻ ഈ പാഠഭാഗവുമായി ബന്ധപ്പെട്ട KITE വിക്ടേഴ്സ് ക്ലാസ്സുകൾ വീണ്ടും കാണുമല്ലോ.

**കിരാതവൃത്തം സാമൂഹികതലം**

കവിതയുടെ ആസ്വാദന, വിശകലനങ്ങളിലൂടെയും KITE വിക്ടേഴ്സ് ക്ലാസ്സുകളിലൂടെയും കടന്നുപോവുമ്പോൾ പരാമർശിക്കപ്പെട്ട സാമൂഹികപ്രശ്നങ്ങൾ ഓർക്കുമല്ലോ. അവ ചിട്ടപ്പെടുത്തുന്നതിനും കവിതയിലെ ആശയതലവുമായും കവിതാസന്ദർഭങ്ങളുമായും ബന്ധിപ്പിക്കുന്നതിനും ശ്രമിക്കുക.

കിരാതവൃത്തത്തിൽ സൂചിതമാവുന്ന പ്രധാന സാമൂഹിക പ്രശ്നങ്ങളുടെ പട്ടിക പൂർത്തിയാക്കൂ.

1. തെറ്റായ വികസനസങ്കല്പം
2. ചൂഷണം
3. പരിസ്ഥിതി നാശം
4. തുല്യനീതി നിഷേധം
5. ബാലപീഡനം
6. അന്യായമായ കുടിയൊഴിക്കൽ
7. വർണവിവേചനം
8. .......................................

**പ്രധാന ആശയങ്ങൾ**

* എഴുത്തച്ഛൻ മുതൽക്കുള്ള കവികളുടെ കാവ്യഭാഷാസവിശേഷതകൾ സ്വാംശീകരിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ.
* പൂർവ്വകവികളുടെ പരമ്പരാഗതശൈലിയിൽ നിന്ന് മുന്നോട്ടുപോകാനും വഴിമാറി സഞ്ചരിക്കാനും കടമ്മനിട്ട ശ്രമിക്കുന്നു.
* മലയാളത്തിലെ വാമൊഴിവഴക്കങ്ങളും നാടൻശീലുകളും അനുഷ്ഠാനഗാനങ്ങളിലെ താളക്രമങ്ങളും സ്വാംശീകരിച്ചുകൊണ്ടും പരമ്പരാഗത കാവ്യഭാഷയിൽ അവ സന്നിവേശിപ്പിച്ചുകൊണ്ടുമാണ് കടമ്മനിട്ടയുടെ കാവ്യഭാഷ പ്രവർത്തിക്കുന്നത്.
* വ്യത്യസ്തങ്ങളായ കാവ്യസന്ദർഭങ്ങൾ ആവിഷ്കരിക്കുമ്പോൾ വികാരസംക്രമണത്തിനനുയോജ്യമായതും അനുഷ്ഠാനപരമായ ചൊൽവഴക്കങ്ങൾക്കപ്പുറം ഹൃദയസ്പർശിയായതുമായ വ്യത്യസ്ത ഈണങ്ങളിൽ സ്വാഭാവികമായി വാർന്നു വീഴുന്നവയാണ് കടമ്മനിട്ടക്കവിതകൾ.
* കാട്ടാളന്റെ നിൽപ്പ്, കാട്ടാളന്റെ പൂർവ്വകാല സ്മൃതികൾ, കാട്ടാളന്റെ പ്രതികാരം ഈ വ്യത്യസ്തസന്ദർഭങ്ങളിലെ ഭാഷ, താളം, ഘടന എന്നിവയിൽ വരുന്ന വ്യത്യസ്തതകൾ ഇതിനുദാഹരിക്കാം.
* വ്യത്യസ്തവും പുതുമയാർന്നതുമായ ബിംബകല്പനകളാണ് കടമ്മനിട്ടക്കവിതയുടെ മറ്റൊരു സവിശേഷത.
* ബിംബസമൃദ്ധമായ കവിതയാണ് കിരാതവൃത്തം.
* ഇന്ദ്രിയസംവേദനക്ഷമമായ വാങ്മയചിത്രങ്ങളാണ് ബിംബങ്ങൾ. ബിംബകല്പനകൾ കവിതയുടെ സൗന്ദര്യതലം കൂടുതൽ സമ്പുഷ്ടമാക്കുന്നു. വൈകാരികവും വൈചാരികവുമായ സങ്കീർണാനുഭൂതികൾ അനുവാചകനിലുണർത്താൻ ബിംബകല്പനകളിലൂടെ സാധിക്കുന്നു.
* ഇന്ദ്രിയസംവേദനത്തിന്റെ സവിശേഷതയനുസരിച്ചു ബിംബകല്പനകളെ തരംതിരിക്കാം. കാഴ്ചയ്ക്കു പ്രാധാന്യമുള്ളവ ദൃശ്യബിംബങ്ങൾ, കേൾവിക്കു പ്രാധാന്യം വരുന്നവ ശ്രവ്യബിംബങ്ങൾ, ഇതേമട്ടിൽ സ്പർശബിംബങ്ങളും ഗന്ധബിംബങ്ങളും രുചിബിംബങ്ങളും. 'കിരാതവൃത്ത'ത്തിൽ കാണാം. എങ്കിലും പ്രകൃതിയുടെ പശ്ചാത്തലത്തിലുള്ള ഈ കവിതയിൽ ഉടനീളം ദൃശ്യബിംബങ്ങളുടെ ധാരാളിത്തമാണുള്ളത്.

ദൃശ്യബിംബങ്ങളുടെ പട്ടിക പൂർത്തിയാക്കാൻ ശ്രമിക്കുമല്ലോ?

1. ഈറ്റപ്പുലി നോറ്റുകിടക്കുന്ന ഈറൻകണ്ണ്
2. കരിമൂർഖൻ വാലിൽ കിളരുന്ന പുരികം
3. നെഞ്ചത്തൊരു പന്തംകുത്തിനിൽക്കുന്ന കാട്ടാളൻ
4. ആകാശത്തുചത്തുകിടക്കുന്ന അച്ഛൻ
5. മലയോരത്തിരുന്നു ദഹിക്കുന്ന അമ്മ
6. കരളിൽ ആഞ്ഞുതറയ്ക്കുന്ന ചാട്ടുളി

7. അലകടലിന്റെ വേരുപറിക്കാനുഴറുന്ന കാട്ടാളൻ

8. ..................................................

**പടയണി-ഭൈരവിക്കോലം**

നെഞ്ചത്തുപന്തം കുത്തി നിൽക്കുന്ന കാട്ടാളൻ

കേരളത്തിലെ തനതുരംഗകലാപാരമ്പര്യം സൂക്ഷ്മമായി സ്വാംശീകരിച്ചിട്ടുള്ളവയാണ് കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകൾ. അദ്ദേഹത്തിന്റെ ജന്മദേശം അനുഷ്ഠാനകലാരൂപമായ പടയണിക്കു പ്രസിദ്ധമാണ്. അദ്ദേഹം ഔപചാരികമായി അഭ്യസിച്ചിട്ടില്ലെങ്കിലും പടയണിക്കോലങ്ങളുടെ രൂപഭാവങ്ങളും പടയണിയിലെ നാടോടിസംസ്കാര ശീലങ്ങളും പടയണിപ്പാട്ടുകളിലുപയോഗിക്കുന്ന താളങ്ങളും കടമ്മനിട്ടയുടെ കവിതകളിൽ സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്.

മധ്യതിരുവിതാംകൂറിലെ ഭഗവതിക്കാവുകളിൽ ആചരിച്ചുവരുന്ന അനുഷ്ഠാനകലാരൂപങ്ങളിൽ പ്രസിദ്ധമാണ് പടയണി. പാട്ടുകളുടെയും തപ്പുതാളങ്ങളുടെയും അകമ്പടിയോടെ കോലങ്ങൾ ഉറഞ്ഞുതുള്ളുന്നതാണ് പടയണിയിലെ പ്രധാനഭാഗങ്ങളിലൊന്ന്. കോലംതുള്ളലിൽ, എല്ലാ കോലങ്ങൾക്കും ശേഷം ഒരു ശുദ്ധീകരണത്തിനെന്നപോലെ പ്രത്യക്ഷപ്പെടുന്നതാണ് ഭൈരവിക്കോലം. ഭൈരവിക്കോലത്തിനുമേൽ പന്തങ്ങൾ തറച്ചുവച്ചിരിക്കും. ഈ ദൃശ്യത്തിന്റെ സ്വാധീനമാണ് നെഞ്ചത്തൊരു പന്തം കുത്തിനിൽപ്പൂ കാട്ടാളൻ എന്ന ബിംബകൽപനയിൽ കാണുന്നത്. അകനെഞ്ചിൽ ശോകവും പുറനെഞ്ചിൽ പന്തവും കത്തുന്ന, വൈവശ്യത്തിൽ ജ്വലിക്കുന്ന കാട്ടാളന്റെ ക്രോധം പൂർണമായി ആവിഷ്കരിക്കാൻ ഈ കൽപനയിലൂടെ കഴിയുന്നു.

(ഹയർ സെക്കന്ററി മലയാളം പാഠപുസ്തകം ക്ലാസ് 12, പുറം 26 കാണുക)

**മാതൃകാചോദ്യങ്ങൾ**

1. നീറായവനത്തിൻ നടുവിൽ നിൽക്കുന്ന കാട്ടാളന്റെ ഭാവങ്ങൾ വ്യക്തമാക്കുന്ന ബിംബകല്പനകളുടെ ഔചിത്യം പരിശോധിക്കുക. (ഒരു പുറം: സ്കോർ 6)

2. ആകാശത്തു ചത്തുകിടക്കുന്ന അച്ഛൻ, മലയോരത്തിരുന്നു ദഹിക്കുന്ന അമ്മ - ഈ പ്രയോഗങ്ങളുടെ അർഥസാധ്യതകൾ വിശകലനം ചെയ്യുക.

   (ഒരു പുറം : 6 സ്കോർ)

3. "കാട്ടാളന്റെ ആനന്ദനിർഭരമായ ഭൂതകാലം വർണിക്കുമ്പോൾ കടമ്മനിട്ടയുടെ കാവ്യഭാഷയും താളംകൊട്ടിയും തലയാട്ടിയും ചുവടുവയ്ക്കുന്നതുകാണാം" - ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക. (സ്കോർ 6)

4. "നെഞ്ചത്തൊരുപന്തം കുത്തി നിൽപ്പൂ കാട്ടാളൻ" ഈ വരികളുടെ അർഥതലങ്ങൾ വ്യക്തമാക്കുന്ന ലഘുക്കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം: സ്കോർ 4)

5. ബിംബസമൃദ്ധിയാണ് കിരാതവൃത്തമെന്ന കവിതയെ ആകർഷകമാക്കുന്ന സൗന്ദര്യാത്മകമായ പ്രധാനഘടകം - 'കിരാതവൃത്തം' കവിതയെക്കുറിച്ചുള്ള ഈ നിരീക്ഷണം വിശകലനം ചെയ്യുക. (സ്കോർ 6)

6. 'കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ശബ്ദമാണ് കിരാതവൃത്തത്തിലെ കാട്ടാളനിലൂടെ ഉയരുന്നത്' ചർച്ച ചെയ്യുക. (സ്കോർ 8)

7. 'കിരാതവൃത്തം' എന്ന കവിത നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. (സ്കോർ 8)

8. കിരാതവൃത്തം കവിതയുടെ അവസാനഭാഗത്ത് പ്രതീക്ഷകളിൽ മുഴുകുന്ന കാട്ടാളനെ കാണാം - കവിതയുടെ ഇതിവൃത്തം വിശകലനം ചെയ്തു കാട്ടാളന്റെ പ്രതീക്ഷകളുടെ ഔചിത്യം പരിശോധിക്കുക. (സ്കോർ 8)

# അവകാശങ്ങളുടെ പ്രശ്നം

മലയാള ചെറുകഥാപ്രസ്ഥാനം ധാരാളം പരിണാമഘട്ടങ്ങളിലൂടെ കടന്നുപോയതിന്റെ ഫലമാണ് ഇന്നത്തെ ചെറുകഥാസാഹിത്യം. വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ 'വാസനാവികൃതി'യോടെ മലയാളസാഹിത്യത്തിൽ ലക്ഷണമൊത്ത ചെറുകഥകൾക്ക് തുടക്കമായി. ഒന്നോ രണ്ടോ കേന്ദ്രസന്ദർഭങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് രചിക്കപ്പെടുന്ന ചെറുകഥകൾ പച്ചയായ ജീവിതാഖ്യാനങ്ങൾ തന്നെയാണ്. രചനാപരമായും രൂപപരമായും ആവിഷ്ക്കാരത്തിലും പ്രമേയങ്ങളിലും പുതുമ സൂക്ഷിച്ചുകൊണ്ടുമാണ് അതൊരു പ്രസ്ഥാനമായി മാറിയത്. സാമൂഹികവും സാംസ്കാരികവും ദാർശനികവുമായ ജീവിത പ്രശ്നങ്ങളെ എക്കാലത്തേയും ചെറുകഥകൾ ആവിഷ്ക്കരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പി. പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം' എന്ന ചെറുകഥ ഒരു സ്വത്വാന്വേഷണമാണ്. സ്വന്തം നിലനില്പിന്റെ ആധാരം തിരഞ്ഞുപോകുന്ന ആധുനിക മനുഷ്യന്റെ അന്വേഷണമാണ് ഈ കഥ ആവിഷ്കരിക്കുന്നത്. ഏകനായി പോകുന്ന മനുഷ്യൻ അവന്റെ സാമൂഹികവും സാംസ്കാരികവുമായ അവസ്ഥകളുടെ അടയാളപ്പെടുത്തലുകൾ സ്വയം അന്വേഷിക്കുകയാണ്. കമ്പോളത്തിന്റെ വർണ്ണപ്രപഞ്ചത്തിൽ തന്റെ ലക്ഷ്യത്തിലേയ്ക്കുള്ള അലച്ചിൽ വ്യർത്ഥമാണ് എന്നുപോലും തിരിച്ചറിയാനാകാതെ അവൻ കുഴങ്ങിപ്പോവുന്നു.

## പാഠസംഗ്രഹം

മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിലേക്ക് ഒരുച്ചയ്ക്ക് വിയർത്തു കിതച്ചു കയറിച്ചെല്ലുന്ന ദിവാകരനെ അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. തന്റെ അച്ഛന്റെയും അമ്മയുടെയും ചിത്രങ്ങൾ തേടി പലയിടത്തും അലഞ്ഞ ശേഷമാണ് അയാൾ ആ തെരുവിനെക്കുറിച്ചറിഞ്ഞത്. വാത്സല്യപൂർവം വരവേറ്റ കച്ചവടക്കാരുടെ സഹായവാഗ്ദാനം ദിവാകരന് ആശ്വാസമേകി. 'ഞങ്ങൾ പാതി നിങ്ങൾ പാതി എന്നതാണ് ഇവിടത്തെ പ്രമാണം' എന്ന് ഒരു കച്ചവടക്കാരൻ പറയുന്നുണ്ട്.

ഇരു ഭാഗത്തുമുള്ള കടകളിൽ അസംഖ്യം ചിത്രങ്ങൾ തൂക്കിയിട്ടിരുന്നത് ദിവാകരനെ ഭയപ്പെടുത്തി. ചിത്രങ്ങളുടെ ബാഹുല്യവും ഒരു കടയിൽ കണ്ടത് മറ്റുകടകളിൽ ആവർത്തിക്കില്ല എന്ന ഉറപ്പില്ലാത്തതും അയാളെ അസ്വസ്ഥനാക്കി. ആദ്യം സ്നേഹം പ്രകടിപ്പിച്ച കച്ചവടക്കാരുടെ ഭാവവും മാറാൻ തുടങ്ങുകയായി. ഏതെങ്കിലും കുറേ ചിത്രങ്ങൾ പോരേ എന്ന ഒരു കച്ചവടക്കാരന്റെ ചോദ്യം ദിവാകരനെ ക്ഷുഭിതനാക്കി. പതിനായിരക്കണക്കിനു ചിത്രങ്ങൾ ഒറ്റ മധ്യാഹ്നം കൊണ്ടു പരിശോധിച്ചു കഴിഞ്ഞപ്പോഴേക്കും എല്ലാ പടങ്ങളും ഒരു പോലെയാണെന്ന് ദിവാകരനു തോന്നിത്തുടങ്ങിയിരുന്നു. സന്ധ്യയായപ്പോൾ പതിനാറാമത്തെ കടയിൽ നിന്നും ദിവാകരൻ വെറുംകൈയുമായി പുറത്തിറങ്ങി. തെരുവിലെ കടകളുടെ ബാഹുല്യവും അയാളിൽ സംഭ്രമമുളവാക്കി.

രാത്രിയായതോടെ തെരുവിൽ വിളക്കുകൾ തെളിഞ്ഞു. കടകളെല്ലാം വെളിച്ചം കൊണ്ടു നിറച്ചിട്ടുണ്ടെങ്കിലും ആ വെളിച്ചത്തിനു പിന്നിൽ ഒരു ചതിവുണ്ടെന്നു ദിവാകരൻ മനസ്സിലാക്കുന്നു. ദീപാലങ്കാരങ്ങളുടെ സ്വഭാവം വ്യത്യസ്തമാണെങ്കിലും ഛായാപടങ്ങൾക്കു മേൽ പതിക്കുന്നത് ഒരേതരം പ്രകാശമാണെന്നും അവയുടെ ധാരാളിത്തത്തിൽ

മുഖങ്ങൾ തിരിച്ചറിയുക പ്രയാസമാണെന്നും അയാളറിഞ്ഞു.

പാതിരാവായപ്പോഴേക്കും ഛായാചിത്രങ്ങളുടെ സമുദ്രങ്ങൾ തന്നെ പിന്നിട്ടതു കൊണ്ട് തനിക്കാവശ്യമുള്ള മുഖങ്ങൾ ഏതെന്ന് അയാൾ മറന്നു തുടങ്ങിയിരുന്നു. അവസാനം കയറിയ കടയിൽനിന്ന് 'ഇതാ എന്റെ അച്ഛൻ' എന്നു വിളിച്ചുപറഞ്ഞുകൊണ്ട്, ഏതോ ഒരു വൃദ്ധന്റെ പടം വാരിവലിച്ചെടുക്കാൻ തുടങ്ങിയ സംഭവം അയാളുടെ ആത്മവിശ്വാസത്തെ ഉലച്ചു.

ദിവാകരൻ അടുത്ത കടയിലേക്കു കടന്നപ്പോഴേക്കും അവിടേക്കു രണ്ടു കൊച്ചു കുട്ടികൾ കടന്നുവന്നു. ആറും ഏഴും വയസായ രണ്ടാൺകുട്ടികൾ. ആ കുട്ടികളുടെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ ദിവാകരൻ ഒഴിഞ്ഞുമാറി നിൽക്കുന്നുണ്ട്. അപ്പോഴേക്കും പുറത്ത് തെരുവിൽ വെളുപ്പാൻ കാലമാകുന്നുണ്ടായിരുന്നു.

പടങ്ങൾ നോക്കി നടന്ന കുട്ടികൾ ദിവാകരൻ നിൽക്കുന്നയിടത്തെത്തി. അയാളെ ക്കണ്ട അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഏറെ നേരത്തെ കരച്ചിലിനുശേഷം അവർ കടക്കാരനെ വിളിച്ചു, "ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞു കൊണ്ടിരുന്നത്".

കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസുകൂട്ടിലാക്കി ഭംഗിയായി പൊതിയാൻ തുടങ്ങി. തുടക്കത്തിലെന്ന പോലെ മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവാണതെന്ന് ഒരിക്കൽ കൂടി ഓർമിപ്പിച്ചുകൊണ്ടാണ് കഥ അവസാനിക്കുന്നത്.

# പാഠവിശകലനം

സ്വന്തം മാതാപിതാക്കളുടെ ചിത്രം അന്വേഷിച്ചിറങ്ങുന്ന ദിവാകരൻ മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിലാണ് അവ തേടുന്നത്. 'തേടുക' എന്ന ക്രിയയിൽ തന്നെ പ്രത്യാശയും നിരാശയും ഒരുപോലെ നിറഞ്ഞിരിക്കുന്നുണ്ട്. ഛായാപടങ്ങൾ നിറഞ്ഞ അസംഖ്യം കടകൾ. ഒരിടത്തുകാണുന്നവ തൊട്ടടുത്തവയിൽ കാണുകയോ കാണാതിരിക്കുകയോ ചെയ്യാം. ആദ്യകടയിലെ കടക്കാരൻ തന്നെ ദിവാകാരന്റെ ആകാംക്ഷയോട് നിസ്സംഗതയോടെയാണ് പ്രതികരിക്കുന്നത്. തികച്ചും നിർവ്വികാരമായ പ്രതികരണങ്ങൾ. ജീവിതത്തിന്റെ നിരർത്ഥകതയെ വ്യക്തമാക്കുന്നവ. ഓരോ ചിത്രവും ആരുടെയോ ഒക്കെ ആയിരുന്നു. അടയാളങ്ങൾപോലും അവശേഷിപ്പിക്കാതെ മരണപ്പെട്ടുപോയവരുടെ അവരിൽ പലരും തനിക്ക് പ്രിയപ്പെട്ടവരോ പരിചയമുള്ളവരോ ആണ് എന്നുപോലും ദിവാകരന് തോന്നിത്തുടങ്ങിയിരുന്നു. മരിച്ചവർക്കെല്ലാം ഒരേ മുഖമാണെന്ന് പോലും ദിവാകരന് തോന്നി. താൻ തിരയുന്ന ചിത്രങ്ങൾ ഒരു കടയിൽനിന്നും അയാൾക്ക് ലഭിക്കുന്നില്ല.

ആധുനികതയുടെ വിഭ്രമങ്ങളും കുഴമറിച്ചിലുകളും ദിവാകരൻ എന്ന കഥാപാത്രത്തിലൂടെ എഴുത്തുകാരൻ ആവിഷ്കരിക്കുന്നു. തിരിച്ചറിയാനാകാത്ത മരിച്ച മുഖങ്ങൾക്കിടയിൽ സ്വന്തം മുഖവും അയാൾക്ക് നഷ്ടമാകുന്നു. കമ്പോളത്തിന്റെ സന്ധി ഇല്ലാത്ത മൂല്യത്തകർച്ചയിലൂടെ അയാൾ തന്റെ സ്വത്വത്തിനായി അലഞ്ഞുകൊണ്ടേയിരിക്കുന്നു. താൻ അന്വേഷിക്കുന്നത് എന്ത് എന്നുപോലും മറന്നുപോകുന്ന ഭീകരമായ അവസ്ഥയാണ് ഓരോ കടയും അയാൾക്ക് സമ്മാനിക്കുന്നത്. രാത്രി കനക്കുമ്പോഴും വെളിച്ചം കൃത്രിമമാണ് എന്നും അതിൽ ചതി ഒളിച്ചിരിക്കുന്നുണ്ട് എന്നു തിരിച്ചറിയുമ്പോഴും അയാൾ വല്ലാത്തൊരു വിഭ്രമലോകത്തിലെത്തിക്കഴിഞ്ഞിരുന്നു. തന്റെ മക്കൾ അന്വേഷിച്ചു വരുന്ന ഛായാചിത്രത്തിന് യാതൊരു ദാക്ഷിണ്യവുമില്ലാതെ ആ കടക്കാരൻ ദിവാകരനെ തന്നെ

പൊതിഞ്ഞുകൊടുക്കുമ്പോൾ അനേകം സമസ്യകളുടെ പൂരണമാണ് ജീവിതം എന്ന് കഥാകാരൻ ഋജുവായ ഭാഷയിൽ പറഞ്ഞുവയ്ക്കുകയാണ്.

ആധുനിക ചെറുകഥാ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ദാർശനികത ഈ കഥയിൽ നിറഞ്ഞിരിക്കുന്നു. വിഷാദാത്മകത, ഉത്തരമില്ലാത്ത പ്രശ്നങ്ങൾക്കുപിന്നാലെയുള്ള ഉത്തരം തേടൽ, അന്യവല്ക്കരണം, ഒന്നും ശരിയാവില്ല എന്ന അശുഭചിന്ത, വെളിച്ചത്തിന് പോലും ചതിയുണ്ട് എന്ന തോന്നൽ, വിപണിയുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ചിന്തകൾ, ഭ്രമകല്പനകൾ, ആധുനിക മനുഷ്യന്റെ അശാന്തമായ അലച്ചിലുകൾ തുടങ്ങി 'അവകാശങ്ങളുടെ പ്രശ്നം' മുന്നോട്ടുവയ്ക്കുന്നവയെല്ലാം ആധുനികന്റെ അടിസ്ഥാനപ്രശ്നങ്ങളാണ്.

ഭാഷയിലോ രചനാശില്പത്തിലോ ദുർഗ്രഹതയില്ലാത്ത ഈ കഥ ഭ്രമകല്പനയിലൂടെ വായനക്കാരനെ മറ്റൊരു തലത്തിൽ എത്തിക്കുന്നു. മറ്റൊരാൾ കാണുന്ന രൂപത്തിൽ കഥ പറഞ്ഞുതരുന്ന രീതിയിൽ, ദൃശ്യഭാഷാപ്രയോഗത്തിലൂടെ ദിവാകരന്റെ കഥ വായനക്കാരനെ കുഴമറിച്ചിലുകളിലേക്ക് നയിക്കുന്നു. യഥാർത്ഥ-അയഥാർത്ഥലോകത്തിൽ മുങ്ങിപ്പോവുന്ന ജീവിതമാണ് ദിവാകരന്റേത്. തനിക്കുമുന്നിൽ കടൽപോലെ പെരുകുന്ന മരിച്ചവരുടെ ഛായാപടങ്ങൾ ദിവാകരന്റെ അസ്വസ്ഥമായ ജീവിതത്തിലെ അവസാനിക്കാത്ത പ്രശ്നമായി മാറുന്നു. താനും ഛായാപടമാകുന്ന, വിപണിവിഴുങ്ങുന്ന ഉപഭോക്താവായി അയാൾ മാറുന്നു.

**ഓർമ്മയിൽ സൂക്ഷിക്കാൻ**

* മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്ന തെരുവായിരുന്നു.
* അച്ഛനമ്മമാരുടെ ഛായാപടങ്ങൾ അന്വേഷിച്ചാണ് ദിവാകരൻ ആ തെരുവിൽ എത്തുന്നത്.
* കച്ചവടക്കാർക്കു മാത്രം സ്വായത്തമായ ഒരു നിർവ്വികാരത ആദ്യത്തെ കടക്കാരന് ഉണ്ടായിരുന്നു.
* അനവധി കടകൾ, അനവധി ഛായാചിത്രങ്ങൾ
* "ഏതെങ്കിലും കുറേ പടങ്ങൾ പോരേ?" എന്ന ചോദ്യം ഉപഭോക്താവിനെ കുഴക്കുന്ന ചോദ്യമാണ്.
* എല്ലാ പടങ്ങളും ഒരുപോലെ എന്നൊരു തോന്നൽ ദിവാകരന് ഉണ്ടായി തുടങ്ങിയിരുന്നു.
* വെളിച്ചത്തിന് പിന്നിൽ ചതിവുണ്ട്.
* രാവും പകലും ഒരുപോലെ തുറന്നിരിക്കുന്ന കടകൾ.
* അസംഖ്യം ചിത്രങ്ങളുടെ നിരയ്ക്കുമുന്നിൽ അയാൾ പകച്ചുനിന്നു.
* കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസു കൂട്ടിലാക്കി ഭംഗിയായി പൊതിയുവാൻ തുടങ്ങി.
* മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്ന തെരുവായിരുന്നതിനാലാണ് അങ്ങനെ സംഭവിച്ചത്.

**മാതൃകാചോദ്യങ്ങൾ**

1. 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥ ലക്ഷ്യമാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 8)

**സൂചന :**

* ഉപഭോഗസംസ്കാരം
* വിപണിയിലെ മൂല്യച്യുതി
* ഫോട്ടോ എന്ന ഐഡന്റിറ്റി
* സ്വത്വപരമായ പ്രശ്നങ്ങൾ

2. ഭ്രമകല്പന (ഫാന്റസി)യുടെ സാദ്ധ്യതകൾ പി. പത്മരാജൻ സമർഥമായി ഉപയോഗിച്ചിട്ടുള്ള ചെറുകഥയാണ് 'അവകാശങ്ങളുടെ പ്രശ്നം' - നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

3. ദൃശ്യഭാഷയിലൂടെയുള്ള കഥ പറച്ചിലാണ് ഈ കഥയിൽ നാം കാണുന്നത്. അത്തരം സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക. കഥയുടെ ആഖ്യാനത്തിന് ഈ രീതി നൽകുന്ന മികവ് എന്താണെന്ന് വ്യക്തമാക്കുക? (സ്കോർ 6)

4. സോഫയും പുലിത്തോലിൽ പൊതിഞ്ഞ ചാരുകസേരകളും സ്വീകരണമുറിയിൽ പല പൊക്കത്തിൽ ഒഴുകി നടക്കുന്നു. ഒന്നാംതരം ഒരുപിയാനോയും കൂട്ടത്തിൽ ഒഴുകുന്നുണ്ടായിരുന്നു. പിയാനോയുടെ പുതപ്പ് പരന്ന ശരീരവും വീതിച്ചിറകുമുള്ള സുവർണ്ണമത്സ്യത്തെപ്പോലെ പകുതി മുങ്ങി തത്തിപ്പറക്കുന്നുണ്ടായിരുന്നു. വീട്ടുപകരണങ്ങൾ തങ്ങളുടെ കവിതയുടെ നിറവിൽ അടുക്കളയുടെ ആകാശത്ത് സ്വയം ചിറകുകൾ വിടർത്തിപ്പറന്നു. (പ്രകാശം ജലം പോലെയാണ്).

   പ്രകാശത്തിന്റെ കബളിപ്പിക്കലിനെ അതിജീവിച്ചും ആവശ്യമുള്ള ചിത്രങ്ങൾ തന്നെ കൈക്കലാക്കുമെന്ന് അയാൾ പ്രതിജ്ഞയെടുത്തു. ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത്. ഛായാചിത്രങ്ങളുടെ സമുദ്രങ്ങൾ പിന്നിട്ടതുകൊണ്ട്, തനിക്കാവശ്യമുള്ള മുഖങ്ങൾ ഏതെന്ന് അയാൾ കുറേശ്ശെ മറന്നുതുടങ്ങിയിരുന്നു. (അവകാശങ്ങളുടെ പ്രശ്നം പി. പത്മരാജൻ)

   യഥാർത്ഥ അയഥാർത്ഥ ലോകങ്ങൾക്കിടയിലെ അതിർത്തി ഒരുപോലെ മാഞ്ഞുപോകുന്നത് ഈ രണ്ടു കഥാസന്ദർഭങ്ങളിലും കാണാവുന്നതാണ്. അവ പരിശോധിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുക. സ്കോർ 6)

5. സ്വന്തം അച്ഛനമ്മമാരുടെ ചിത്രം തിരയുന്ന ദിവാകരനെ തങ്ങൾ അന്വേഷിക്കുന്ന ചിത്രമായി കുട്ടികൾ തിരിച്ചറിയുന്നതിന്റെ അർത്ഥതലങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (സ്കോർ 2 വീതം)

1. "ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിഞ്ഞേക്കും." കടക്കാരൻ ഇങ്ങനെ പറയാൻ കാരണമെന്താണ്?
2. ദിവാകരൻ ചിത്രങ്ങൾ തിരയുന്ന കടകളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?
3. "ഏതാണ്ട് എല്ലാപടങ്ങളും ഒരേപോലെയാണെന്നുവരെ അയാൾക്ക് തോന്നിത്തുടങ്ങിയിരുന്നു." എന്തുകൊണ്ടാണ് ദിവാകരന് അങ്ങനെ തോന്നിത്തുടങ്ങിയത്?
4. വെളിച്ചത്തിനു പിന്നിൽ ചതിവുണ്ട് എന്ന് ദിവാകരന് തോന്നുവാൻ കാരണമെന്താണ്?
5. "ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത്." ആരാണ് ഇങ്ങനെ പറയുന്നത്? അവർ ചൂണ്ടിക്കാട്ടിയത് ആരെ ആയിരുന്നു?

**താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

(സ്കോർ 6 വീതം)

6. പി. പത്മരാജന്റെ ചരമവാർഷികത്തോടനുബന്ധിച്ച് നടത്തുന്ന അനുസ്മരണ സമ്മേളനത്തിൽ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിലെ പ്രധാന ആശയങ്ങൾ കൂടി ഉൾപ്പെടുത്തണം എങ്കിൽ നിങ്ങൾ ചൂണ്ടിക്കാട്ടുന്ന പ്രധാന ആശയങ്ങൾ ഏതൊക്കെ ആയിരിക്കും?
7. "ദൃശ്യഭാഷ സമർത്ഥമായി ഉപയോഗിച്ച് കഥ പറഞ്ഞിട്ടുള്ള ഒരു ചെറുകഥയാണ് അവകാശങ്ങളുടെ പ്രശ്നം"-വിശദമാക്കുക.
8. ദിവാകരനും കുട്ടികളും തമ്മിൽ കാണുന്ന കഥയുടെ അവസാനഭാഗം തിരക്കഥാരൂപത്തിൽ അവതരിപ്പിക്കുക.
9. "ഉപഭോഗസംസ്കാരത്തിന്റെ മരിച്ചമണം പേറുന്ന കടകളാണ് ആ തെരുവു മുഴുവൻ കാണുന്നത്". വിശകലനക്കുറിപ്പ് തയ്യാറാക്കുക.
10. മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിൽ ദിവാകരൻ കണ്ടത് എന്തൊക്കെ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.
11. കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസുകൂട്ടിലാക്കി ഭംഗിയായി പൊതിയാൻ തുടങ്ങി - ആ തെരുവിലെ കച്ചവടക്കാരുടെ സാമാന്യസ്വഭാവങ്ങൾ നിരീക്ഷിച്ച് നിരീകുറിപ്പു തയ്യാറാക്കുക.
12. 'ഫോട്ടോ' എന്ന വസ്തുവിന് 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ ലഭിക്കുന്ന സ്ഥാനം എന്താണ്?

**താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

(സ്കോർ 8 വീതം)

13. യാഥാർത്ഥ്യത്തിന്റേയും അയഥാർത്ഥ്യത്തിന്റേയും അതിരുകൾ മാഞ്ഞുപോകുന്ന രീതിയിലെ ആവിഷ്കാരമാണ് 'അവകാശങ്ങളുടെ പ്രശ്നം' വിശദമാക്കുക.
14. 'മരിച്ചവരുടെ മാത്രം പടങ്ങൾ വില്ക്കുന്ന തെരുവ്' അവകാശങ്ങളുടെ പ്രശ്നം എന്ന കഥയ്ക്ക് നൽകുന്ന നൂതന തലമെന്ത്? വ്യക്തമാക്കുക.

15. 'ദിവാകരൻ' അറ്റമില്ലാത്ത അന്വേഷണത്തിലാണ്? അയാൾ എന്തിന്റെ പ്രതിനിധിയാണ്? വിശദമാക്കുക?

16. നേർത്തുപോകുന്ന ശ്വാസോച്ഛ്വാസം പോലെയാണ് 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥ അവസാനവാക്യത്തിലെത്തുന്നത്. നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

17. ദൃശ്യഭാഷാഖ്യാനം അവകാശങ്ങളുടെ പ്രശ്നം എന്ന കഥയ്ക്ക് അസാധാരണമായ മിഴിവ് നൽകുന്നുണ്ട് വിശദമാക്കുക.

**പി. പത്മരാജൻ (1945–1991)**

ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ജനിച്ചു. ചലച്ചിത്രസംവിധായകൻ, തിരക്കഥാകൃത്ത്, നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിൽ ശ്രദ്ധേയൻ. കേരള സാഹിത്യഅക്കാദമി അവാർഡ് തിരക്കഥാരചനയ്ക്ക് നാലുതവണ സംസ്ഥാന അവാർഡ് ദേശീയതലത്തിൽ രജതകമലം തുടങ്ങിയവ ലഭിച്ചിട്ടുണ്ട് പ്രതിമയും രാജകുമാരിയും, അപരൻ, മറ്റുള്ളവരുടെ വേനൽ എന്നിവ പ്രധാനകൃതികൾ.

# യൂണിറ്റ് : 2
# തനതിടം
# കാക്കാരശ്ശിപ്പാട്ട്

കേരളത്തിലെ പ്രാചീന നാടോടിക്കലാരൂപമാണ് കാക്കാരശ്ശി നാടകം. തെക്കൻ കേരളത്തിലാണ് ഇവ പ്രചുരപ്രചാരം നേടിയിരുന്നത്. മലയാളിയുടെ തനത് കാർഷികസംസ്കാരവും കലാപാരമ്പര്യവും ചേർന്ന ഒരു നാടൻ രംഗാവതരണമാണ് കാക്കാരശ്ശിനാടകം. ജനസംസ്കാരപഠനം എന്ന നിലയിൽ വളർന്നുവന്ന വൈജ്ഞാനികശാഖയായ ഫോക്‌ലോർ (നാടോടിവിജ്ഞാനീയം)-ൽ ഉൾപ്പെടുന്നതാണ് കാക്കാരശ്ശിനാടകവും. ദൃശ്യകലാസംസ്കാരപഠനത്തിൽ തനത്നാടകവേദിയോടൊപ്പം തന്നെ പരിഗണന അർഹിക്കുന്നതാണ് കാക്കാരശ്ശിനാടകം. പടയണി, പൊറാട്ടുനാടകങ്ങൾ, മുടിയേറ്റ്, പറണേറ്റ് പൂരക്കളി തുടങ്ങിയ നാടോടി ദൃശ്യകലാരൂപങ്ങൾപോലെ തെക്കൻ കേരളത്തിൽ പ്രചരിച്ചിരുന്ന ഒരു നാടോടി നാടകരൂപമാണ് കാക്കാരശ്ശി നാടകം. ശിവപുരാണവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം ഇതിനുപിന്നിൽ പ്രചരിക്കുന്നുണ്ട്. ഭൂമിയിൽ ജനജീവിതം സുഗമമാക്കാൻ കുറവനും കുറത്തിയുമായി ശിവപാർവ്വതിമാർ അവതരിക്കുകയും കാർഷികവിളകളേയും വിത്തുകളേയും കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുന്നു. സുന്ദരകാക്കനായി ശിവനും അദ്ദേഹത്തിന്റെ സഹധർമ്മിണിമാരായി ഗംഗയും പാർവ്വതിയും രംഗത്ത് എത്തുന്നു എന്നാണ് വിശ്വാസം. ആട്ടവും പാട്ടും ചടുലമായ ചുവടുവയ്പുകളും സംഭാഷണങ്ങളുമായി ഇവർ മൂന്നുപേരും അരങ്ങു കൊഴുപ്പിക്കുന്നു. കറുത്തതും വെളുത്തതുമായ മുഖത്തെഴുത്തും ചേല ചുറ്റിയുടുപ്പുമായി എത്തുമ്പോൾ ജന്മിവ്യവസ്ഥയുടെ ബാക്കിപത്രംപോലെ ചോദ്യങ്ങൾ ചോദിച്ച് തമ്പ്രാനും എത്തുന്നു. തമ്പ്രാന്റെ ചോദ്യങ്ങൾക്ക് സ്വയംപരിഹാസകഥാപാത്രമായി മാറി കാക്കാലൻ ഉത്തരം നൽകുന്നു. സമൂഹത്തിലെ തിന്മകൾക്കെതിരേ പരിഹാസരൂപത്തിൽ വിമർശനം നടത്തുന്നു. ഒരു പ്രദേശത്ത് മാത്രം ഒതുങ്ങി ജീവിച്ചിരുന്ന ഗ്രാമീണർക്ക് പുറംനാടുകളിൽ സഞ്ചരിച്ചെത്തുന്ന കാക്കാനും കാക്കാത്തിമാരും നൽകുന്ന അനുഭവവിവരണങ്ങൾ അറിവിന്റെ പുതിയലോകങ്ങൾ കൂടി തുറന്നുനൽകുന്നു. അടിച്ചമർത്തപ്പെട്ടിരുന്ന ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ കഥ കൂടിയാണ് കാക്കാലനാടകങ്ങൾ. അധഃകൃതർ എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഒരു ജനത തങ്ങളുടെ കലയിലൂടെ സാമൂഹികവിമർശനം നടത്തുന്നു.

ജി. ഭാർഗ്ഗവൻ പിള്ള കണ്ടെടുത്ത (സമ്പാദനം) ഒരു കാക്കാരശ്ശിപ്പാട്ട് ആണ് തനതിടത്തിലെ പ്രവേശകം. കാക്കാത്തിമാർ പുതിയ ആഭരണങ്ങളും സൗന്ദര്യവർദ്ധകസാമഗ്രികളും ആവശ്യപ്പെടുന്നു. പണ്ടുണ്ടായിരുന്നവ എവിടെ എന്ന കാക്കാന്റെ ചോദ്യത്തിന് അവയൊക്കെ നഷ്ടപ്പെട്ടുപോയി എന്ന് മറുപടിയും പറയുന്നു. ആഡംബരഭ്രമവും ചെലവുചുരുക്കാനുള്ള ശ്രമവും പൊരുത്തപ്പെടാതിരിക്കുന്നതു രസകരമായാവിഷ്കരിക്കുന്ന ഒരു കുടുംബ ചിത്രവും ഈ പാട്ടിൽ തെളിയുന്നുണ്ട്. താളലയബദ്ധമായി ചൊൽവടിവോടെ ചൊല്ലുവാൻ കഴിയുന്ന ഭാഗമാണിത്.

**ഓർമ്മയിൽ സൂക്ഷിക്കാൻ**

* തെക്കൻകേരളത്തിൽ കൂടുതലായി പ്രചരിച്ചിരുന്ന നാടോടിനാടകമാണ് കാക്കാരിശിനാടകം
* കാക്കാലനാടകം, കാക്കാരുകളി തുടങ്ങി നിരവധി പേരുകളിൽ അറിയപ്പെടുന്നു.
* ശിവനും ഗംഗയും പാർവ്വതിയുമാണ് കാക്കാലനും കാക്കാത്തിമാരുമായി അവതരിച്ചിരിക്കുന്നത് എന്ന് ഒരു ഐതിഹ്യം ഇതിനുപിന്നിലുണ്ട്.
* സംഗീതം, നൃത്തം, അഭിനയം, സംഭാഷണം എന്നിവ ചേർന്ന വിനോദരൂപം,
* മൃദംഗം, ഗഞ്ചിറ, ഹാർമോണിയം, ഇലത്താളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ

**മാതൃകാചോദ്യങ്ങൾ**

1. സാമൂഹിക വിമർശനങ്ങൾ ഉൾച്ചേരുന്നവയാണ് കാക്കാരശ്ശി നാടകങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക? (സ്കോർ 4)
2. അടിച്ചമർത്തപ്പെട്ട ജനതയുടെ തനത് ജീവിതാവിഷ്ക്കാരങ്ങളാണ് കാക്കാരശ്ശിനാടകങ്ങൾ. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)
3. ഓൺലൈൻ മാധ്യമത്തിലൂടെ കാക്കാരശ്ശി നാടകം അമേരിക്കൻ മലയാളി സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുമ്പോൾ ഈ കലാരൂപത്തെ അവർക്ക് പരിചയപ്പെടുത്തുവാൻ ഒരു ആമുഖപ്രഭാഷണം തയ്യാറാക്കുക (സ്കോർ 6)

4) 'നാടൻകലയും നമ്മുടെ സാംസ്ക്കാരിക പൈതൃകവും' എന്ന പ്രഭാഷണപരമ്പരയിലേക്ക് കാക്കാരശ്ശിനാടകത്തെ അധികരിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക. (സ്കോർ 8)

5. കാക്കാത്തിമാർ പ്രാണനാഥനായ കാക്കാനോട് ആവശ്യങ്ങൾ ഉന്നയിക്കുന്നതിലും കാക്കാലന്റെ പ്രതികരണങ്ങളിലും തെളിയുന്ന കുടുംബചിത്രം വിശകലനം ചെയ്യുക. (സ്കോർ 6)

**ജി. ഭാർഗ്ഗവൻപിള്ള (1933-2009)**

കേരളനാടൻകലാ അക്കാഡമിയുടെ ആദ്യ ചെയർമാൻ. പന്തളം കുടശ്ശനാടാണ് ജന്മസ്ഥലം. കേരളസംഗീതനാടക അക്കാദമി അവാർഡ്, രേവതിപട്ടത്താനം അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കാക്കാരശ്ശിനാടകം പ്രധാന കൃതിയാണ്.

# കേശിനീമൊഴി

**പാഠവിശകലനം :**

കേരളത്തിന്റെ സ്വന്തം ദൃശ്യകലകളിൽ പ്രമുഖമാണ് കഥകളി. 17, 18 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന കൊട്ടാരക്കരത്തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവ്. കഥകളി രംഗാവതരണമാണ്. അതിന്റെ സാഹിത്യരൂപമാണ് ആട്ടക്കഥ. സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, വാദ്യം ഇവയെല്ലാം സമഞ്ജസമായി സമ്മേളിക്കുന്ന കഥകളി ആസ്വാദകന് നല്ലൊരു ദൃശ്യവിരുന്നാണ്. കേളി, അരങ്ങുകേളി, തോടയം, വന്ദനശ്ലോകം, പുറപ്പാട്, മേളപ്പദം, കഥാഭിനയമായ ചൊല്ലിയാട്ടം, മനോധർമ്മാഭിയത്തിനു പ്രാധാന്യമുള്ള ഇളകിയാട്ടം, ധനാശി എന്നിവയാണ് കഥകളി രംഗത്തവതരിപ്പിക്കുമ്പോഴുള്ള ചടങ്ങുകൾ. പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ് പ്രധാന വേഷങ്ങൾ. അതിൽ തന്നെ ധീരോദാത്തന്മാരായ നായകന്മാർക്ക് പച്ച, തമോഗുണപ്രധാനരായവർക്കും അസുരന്മാർക്കും താടി, കിരാതന്മാർക്ക് കരി, മുനിമാർക്കും സ്ത്രീകൾക്കും മിനുക്ക് എന്നിവയും നൽകുന്നു. കത്തി കുറുംകത്തി, നെടുങ്കത്തി എന്ന് രണ്ടുതരമുണ്ട്. താടിവേഷങ്ങൾ വെള്ളത്താടി, ചുവന്നതാടി, കരിന്താടി എന്നിങ്ങനെയാണ്.

ആട്ടക്കഥാസാഹിത്യത്തിലെ ഏറ്റവും ശ്രദ്ധേയമായ കൃതിയാണ് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ. മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനമാണ് നാലുദിവസങ്ങളിലായി ആടിത്തീർക്കാവുന്ന തരത്തിൽ ഉണ്ണായിവാര്യർ ആട്ടക്കഥയായി രൂപപ്പെടുത്തിയിരിക്കുന്നത്. നാടകീയത മുറ്റിയ സന്ദർഭങ്ങളാണ് ഈ കൃതിയിലുടനീളം. അതുകൊണ്ട് തന്നെ ഇതിനെ 'കേരളത്തിന്റെ ശാകുന്തളം' എന്ന് വിശേഷിപ്പിക്കുന്നു.

നളചരിതം നാലാംദിവസത്തിലെ ആറാംരംഗമാണ് പാഠഭാഗം. സംസ്കൃതവും മലയാളവും മനോഹരമായി കൂട്ടിച്ചേർത്ത ഭാഷയിലാണ് ഈ കൃതി രചിച്ചിരിക്കുന്നത്. ഋതുപർണ്ണരാജാവിനൊപ്പം എത്തുന്നത് നളൻ തന്നെയെന്ന് ഉറപ്പിക്കുന്നതിന് വിദഗ്ദ്ധയായ തോഴി കേശിനിയെ, ദമയന്തി നിയോഗിക്കുന്നു. കേശിനി നളനെന്നു സംശയിക്കുന്ന ബാഹുകനെ നേരിൽ കാണുകയും സംസാരിക്കുകയും ചെയ്യുന്നു. കൂടാതെ മറഞ്ഞുനിന്നും ബാഹുകനെ ശ്രദ്ധിക്കുന്നു. നളനുമാത്രമുള്ള പല പ്രത്യേകതകളും ബാഹുകനിൽ ഉണ്ട് എന്ന് സൂക്ഷ്മനിരീക്ഷണം ചെയ്ത് ആ വിവരം കേശിനി ദമയന്തിയെ അറിയിക്കുന്നതാണ് പാഠസന്ദർഭം. നൈഷധനിവൻതാൻ ഒരീഷലില്ലാമേ നിർണ്ണയം (ബാഹുകൻ നളൻ തന്നെയാണ് എനിക്ക് യാതൊരു സംശയവുമില്ല) എന്ന നിഗമനത്തിൽ ദമയന്തി എത്തിച്ചേരുകയും ആത്മഗതം ചെയ്യുകയും ചെയ്യുന്നു.

ആറാംരംഗം തുടങ്ങുന്നത് ഒരു ശ്ലോകത്തോടെയാണ്. ആട്ടക്കഥകളിൽ ശ്ലോകങ്ങൾ രണ്ട് പദങ്ങൾക്കിടയിലെ കഥാപരമായ വികാസം സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ഇവിടെ കേശിനി ചെയ്ത പ്രവൃത്തികൾ ശ്ലോകത്തിൽ സൂചിപ്പിക്കുന്നു. വെളിച്ചത്തിലും പിന്നീട് മറഞ്ഞുനിന്നും ബാഹുകനെ നിരീക്ഷിച്ച്, അവൻ കളിയായും കാര്യമായും പറഞ്ഞ വസ്തുതകൾ കേശിനി ദമയന്തിയെ വിളിച്ചു മറ്റാരും കാണാതെ പറയുന്നു. രംഗത്ത് രണ്ടു സ്ത്രീകഥാപാത്രങ്ങളാണുള്ളത്, ദമയന്തിയും കേശിനിയും. ബാഹുകൻ പുരുഷരത്നമാണെന്ന് ലക്ഷ്മീദേവിയെപ്പോലെ സുന്ദരിയായ ദമയന്തിയോട് കേശിനി പറയുന്നു. നളനിൽ യാതൊരു അപരാധവുമില്ലെന്നും തന്റെ പേര് ബാഹുകൻ

എന്നാണെന്നും അയാൾ പറഞ്ഞതും സൂചിപ്പിക്കുന്നു. ദമയന്തിയുടെ രണ്ടാം വിവാഹതീരുമാനം അവിവേകമായിപ്പോയി എന്ന അർത്ഥത്തിൽ നളൻ തെറ്റുകാരനല്ലന്നും അഥവാ അപരാധം ഉണ്ടെങ്കിലും കുലനാരിക്ക് കോപം പാടില്ലായിരുന്നു എന്നും ബാഹുകൻ പറയുന്നു. ദുഷ്ടനല്ല അയാളെന്നും പ്രവൃത്തികളിൽ കള്ളമില്ലെന്നും കേശിനിക്ക് ബോധ്യമാകുന്നു. പലതും ഫലിതമായി പറഞ്ഞതിനാൽ അവൾ ഒളിച്ചുനിന്ന് വീക്ഷിക്കുന്നു. ഭക്ഷണം പാകം ചെയ്യാനുള്ള ബാഹുകന്റെ തയ്യാറെടുപ്പുകൾ കാണുന്നു. പാത്രങ്ങളിൽ ജലം സ്വയം നിറയുന്നതും അഗ്നി ആവശ്യാനുസരണം കത്തുന്നതും പാകം നോക്കി പാചകം തീർത്ത് സാകേതപതിയായ ഋതുപർണ്ണന് ആഹാരം കൊണ്ടുകൊടുത്തശേഷം തിരിച്ചുവന്ന് തേരിൽ ഒതുങ്ങുന്നതും, തേരിലെ വാടിയ പൂക്കളെ കൈവെള്ളയിൽവച്ച് അമർത്തുമ്പോൾ അവ വിടർന്ന പൂക്കൾപോലെ ആകുന്നതും കേശിനി കാണുന്നു. ബാഹുകനിൽ ദർശിച്ച ഈ പ്രത്യേകതകളൊക്കെ നളനുമാത്രം സ്വന്തമായവയാണ് എന്ന് കേശിനിയുടെ വാക്കുകൾ കേട്ടപ്പോൾ തന്നെ ദമയന്തിക്ക് ബോധ്യമായി. അതുകൊണ്ട് തന്നെ ഈ ബാഹുകൻ നളൻ തന്നെയാണ് എന്ന് ദമയന്തി ഉറപ്പിക്കുന്നു. കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ ‘പദ’ത്തിന്റെ രൂപത്തിലും രണ്ടുപദങ്ങൾക്കിടയിലുള്ള കഥാസൂചന ‘ശ്ലോക’ത്തിന്റെ രൂപത്തിലുമാണ് ആട്ടക്കഥയിൽ ചേർത്തിരിക്കുന്നത്.

**ഓർമ്മയിൽ സൂക്ഷിക്കാൻ**

* നളചരിതം നാലാംദിവസം ആറാംരംഗമാണ് പാഠഭാഗം.
* കേശിനി വിദഗ്ദ്ധയായ തോഴിയാണ്.
* ഇത് നളൻതന്നെ എന്ന നിഗമനത്തിൽ ദമയന്തിയെ എത്തിക്കുന്നത് കേശിനിയുടെ നിരീക്ഷണങ്ങളാണ്.
* ബാഹുകൻ പുരുഷരത്നമാണ് എന്ന കേശിനിയുടെ വിലയിരുത്തൽ അതു നളനാണെന്ന തിരിച്ചറിവിൽ നിന്നാവാം.
* നളനിൽ അപരാധമില്ല. അഥവാ ഉണ്ടെങ്കിലും കുലനാരിക്ക് കോപം പാടില്ല എന്ന ബാഹുകന്റെ ന്യായീകരണവും ബാഹുകൻ നളനാണെന്ന ധാരണ ഉറപ്പിക്കുന്നു.
* ബാഹുകൻ ഭക്ഷണം പാകം ചെയ്യുമ്പോൾ അഗ്നി അഹങ്കാരമില്ലാതെ കത്തുന്നതും കുടത്തിൽ ജലം താനേ നിറയുന്നതും പാകമനുസരിച്ച് ഭക്ഷണം തയാറാക്കുന്നതും കേശിനി ഒളിഞ്ഞുനിന്നു കാണുന്നു.
* ബാഹുകൻ തേരിലെ വാടിയ പൂക്കളെ ‘അവമർദ്ദനം’ ചെയ്തപ്പോൾ അവ പുതിയ പുഷ്പങ്ങൾ പോലെ വിളങ്ങുന്നതും കേശിനി കാണുന്നു.
* ബാഹുകന്റെ സവിശേഷതകൾ വച്ച് അതു വേഷം മാറിയ നളനാണെന്ന് വ്യക്തമാകുന്നു.

**മാതൃകാചോദ്യങ്ങൾ :**

1. കേശിനി വിദഗ്ദ്ധയായ തോഴിയാണ്. വിശദമാക്കുക. (സ്കോർ 6)
2. ബാഹുകൻ പുരുഷരത്നമാണ് എന്ന് വിശേഷിപ്പിക്കുന്നതിലൂടെ കേശിനി എന്ത് ലക്ഷ്യമാണ് നേടുന്നത്? (സ്കോർ 4)
3. ബാഹുകൻ നളൻ തന്നെ എന്ന് ദമയന്തി ഉറപ്പിക്കുന്നത് എപ്പോൾ? (സ്കോർ 4)

4. കേരളത്തിന്റെ ദൃശ്യകലാപാരമ്പര്യത്തിൽ ക്ലാസിക് കലയായ കഥകളിക്ക് ഉന്നത സ്ഥാനമാണുള്ളത്. നളചരിതത്തെ മുൻനിർത്തി വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

5. 'കേശിനീമൊഴി' എന്ന പാഠഭാഗത്ത് പ്രകടമാകുന്ന ഉണ്ണായിവാര്യരുടെ കാവ്യഭാഷയുടെ പ്രത്യേകതകൾ കണ്ടെത്തുക. (സ്കോർ 6)

   സൂചന : പ്രാസം   മിശ്രഭാഷ

6. 'ഖലനല്ല' എന്ന് ആരെക്കുറിച്ചാണ് കേശിനി അഭിപ്രായപ്പെടുന്നത് സാഹചര്യമെന്ത്? (സ്കോർ 2)

7. ബാഹുകൻ നളനാണ് എന്ന് കേശിനി എങ്ങനെയാണ് നിരീക്ഷിച്ചറിഞ്ഞത്? (സ്കോർ 4)

8. നാടകീയത നിറഞ്ഞ സംഭാഷണങ്ങളാണ് കഥകളിയിലെ പദങ്ങൾ. വിശദമാക്കുക. (സ്കോർ 8)

**ഉണ്ണായിവാര്യർ**

1675നും 1755നും ഇടയിൽ ജീവിച്ചിരുന്ന ആട്ടക്കഥാകാരനാണ് ഉണ്ണായി വാര്യർ എന്ന് കരുതപ്പെടുന്നു. വാര്യരുടെ ജനനം, ജീവിതകാലം എന്നിവയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ടെങ്കിലും അഭിനയഗുണം നിറഞ്ഞ ഈ ഒറ്റ ആട്ടക്കഥ കൊണ്ട് മലയാളസാഹിത്യത്തിൽ വാര്യർ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു.

# അഗ്നിവർണന്റെ കാലുകൾ

തനതുനാടകം എന്ന നിലയിലും സമകാലിക സാമൂഹികപ്രശ്നങ്ങളുടെ ആക്ഷേപ ഹാസ്യത്തിലൂന്നിയുള്ള വിമർശനം എന്ന നിലയിലും ശ്രദ്ധേയമായ രചനയാണ് 'അഗ്നി വർണന്റെ കാലുകൾ.'

ലോകമാകെ വേരുകളുള്ള മഹത്തായ കലാരൂപമാണ് നാടകം. പാശ്ചാത്യദേശങ്ങ ളിലും പൗരസ്ത്യലോകത്തും വ്യത്യസ്തതകളോടെയാണെങ്കിലും രംഗകലകളിൽ ഒന്നാ മതായി നാടകം നിലകൊള്ളുന്നു. മലയാളത്തിൽ നാടകങ്ങൾ രചിക്കപ്പെട്ടു തുടങ്ങിയിട്ട് ഒന്നരശതാബ്ദത്തോളം ആകുന്നതേയുള്ളൂ, എങ്കിലും നൂറ്റാണ്ടുകൾ പഴക്കമുള്ള നാട കാവതരണരീതിയും നാടകസംസ്കാരവും കൈമുതലായുള്ള നാടാണ് കേരളം.

സംസ്കൃതനാടകവിവർത്തനങ്ങൾ, പ്രഹസനങ്ങൾ, തമിഴ്സ്വാധീനമുള്ള സംഗീതനാ ടകങ്ങൾ, സാമൂഹികപരിഷ്കരണ ശ്രമങ്ങളുടെ ഭാഗമായുണ്ടായ നവോത്ഥാനനാടകങ്ങൾ, രാഷ്ട്രീയ-സാമൂഹിക നാടകങ്ങൾ, പ്രശ്നനാടകങ്ങൾ, ലോകമെങ്ങുമുള്ള പുതിയ തിയേ റ്റർ പരീക്ഷണ ശ്രമങ്ങളുടെ ഫലമായുണ്ടായ പരീക്ഷണനാടകങ്ങൾ, കുട്ടികളുടെ നാടക ങ്ങൾ എന്നിങ്ങനെ പടിപടിയായി വളർന്നതും വൈവിധ്യമാർന്നതുമാണ് മലയാളത്തിലെ നാടകവേദി. പ്രസ്തുത വളർച്ചയ്ക്കിടയിലെ സുപ്രധാനമായൊരു നാഴികക്കല്ലാണ് 1960 കളിൽ രൂപം കൊണ്ട തനതുനാടകവേദി.

നാടകരംഗത്തെ ആധുനിക പ്രവണതകൾക്കനുസരിച്ച് അവതരിപ്പിക്കപ്പെട്ട പല നാട കങ്ങളും മലയാളികൾക്ക് ഹൃദയത്തിലേറ്റുവാങ്ങാൻ കഴിയാത്തതിനുകാരണം അവ നമ്മുടെ രംഗവേദിയുടെ പാരമ്പര്യത്തിൽ നിന്നും അകന്നുനിൽക്കുന്നതാണെന്ന വിലയിരുത്തലാണ് തനതുനാടകവേദി എന്ന ആശയത്തിന് ബീജാവാപം ചെയ്തത്. വൈദേശികാധിനിവേ ശത്തിനു വിധേയമായ രാജ്യങ്ങളിലെല്ലാം രൂപംകൊണ്ട, വൈദേശികസ്വാധീനതയെ നിരാ കരിക്കാനുള്ള സാംസ്കാരിക ശ്രമങ്ങളുടെ ഭാഗമായും തനതുനാടകവേദിയുടെ ഉദയത്തെ കാണാവുന്നതാണ്.

ഓരോ നാടിന്റെയും സ്വന്തമായ സാംസ്കാരിക പൈതൃകത്തിൽ ഊന്നിനിന്നുകൊ ണ്ടുള്ള നാടകവേദിയാണ് തനതുനാടകവേദി. കൂടിയാട്ടം, കഥകളി തുടങ്ങിയ ക്ലാസി ക്കൽ കലകളുടെയും തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളുടെയും കാക്കാ രശ്ശി നാടകം പോലുള്ള നാടോടിനാടകരൂപങ്ങളുടെയും സവിശേഷതകൾ സ്വാംശീകരി ക്കപ്പെട്ടു രൂപംകൊണ്ടതാണ് കേരളത്തിലെ തനതു നാടകവേദി. ആട്ടവും, പാട്ടും, കൊട്ടും (നൃത്തം, സംഗീതം, വാദ്യം) ഒത്തുചേരുന്നതാണ് തനതുനാടകങ്ങളുടെ അവതരണരീതി. തുറന്ന രംഗവേദിയിലും അവ അവതരിപ്പിക്കപ്പെടുന്നു. താളനിബദ്ധമായ സംഭാഷണ ങ്ങളും ചുവടുവയ്പുകളും പ്രത്യേകം ചിട്ടപ്പെടുത്തിയ സംഘചലനങ്ങളും തനതുനാടക ങ്ങളുടെ സവിശേഷതകളാണ്. വൈവിധ്യമാർന്നതും സമകാലികവുമായ ഏതു പ്രശ്ന ത്തെയും തനതുനാടകം വിഷയമാക്കുന്നു.

സി.എൻ.ശ്രീകണ്ഠൻനായരാണ് മലയാളത്തിലെ തനതു നാടകവേദിയുടെ മുഖ്യപ്രയോക്താവ്. കാവാലം നാരായണപ്പണിക്കർ, എം. ഗോവിന്ദൻ, ജി. ശങ്കരപ്പിള്ള, ഡോ. അയ്യപ്പപ്പണിക്കർ തുടങ്ങിയവർ തനതുനാടകവേദിയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ചു. കാവാലം നാരായണപ്പണിക്കരുടെ അവനവൻ കടമ്പ, ദൈവത്താർ തുടങ്ങിയവ മലയാളത്തിലെ പ്രശസ്തമായ തനതുനാടകങ്ങളാണ്.

തനതുനാടകത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിൽ ആക്ഷേപഹാസ്യത്തിലധിഷ്ഠിതമായ സാമൂഹികവിമർശനത്തിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. പുരാണസ്പർശമുള്ള ഇതിവൃത്തത്തെ സമകാലിക സാമൂഹിക വിമർശനത്തിനുള്ള പശ്ചാത്തലമാക്കുകയാണ് ഈ നാടകത്തിലൂടെ കാവാലം ചെയ്തിരിക്കുന്നത്.

ശ്രീരാമൻ പിറന്ന രാജവംശമായ സൂര്യവംശത്തിലെ അവസാന രാജാക്കൻമാരിലൊരാളാണ് അഗ്നിവർണൻ. യുഗപ്രഭാവൻമാരായ രഘു, ദിലീപൻ, ദശരഥൻ, ശ്രീരാമൻ തുടങ്ങിയവരിലൂടെ ജ്വലിച്ചുനിന്ന സൂര്യവംശം അഗ്നിവർണന്റെ ദുർഭരണവും കുത്തഴിഞ്ഞ ജീവിതരീതിയും കാരണം തകർന്നുപോവുന്നതായി കാളിദാസന്റെ മഹാകാവ്യമായ രഘുവംശത്തിൽ വിവരിക്കുന്നുണ്ട്. ഈ കഥാംശമാണ് നാടകരചനയ്ക്കുവേണ്ടി കാവാലം സ്വീകരിച്ചിട്ടുള്ളത്.

രാജ്യഭരണത്തിലും പ്രജാക്ഷേമത്തിലും ശ്രദ്ധവയ്ക്കാതെ സുഖഭോഗങ്ങളിലും പരസ്ത്രീഗമനങ്ങളിലും ഉപജാപങ്ങളിലും മുഴുകിക്കഴിഞ്ഞ ഭരണാധികാരിയാണ് അഗ്നിവർണൻ. പ്രജകൾക്ക് രാജാവിനെ നേരിട്ടുകണ്ട് സങ്കടം ബോധിപ്പിക്കാനുള്ള അവസരം പോലും ഉണ്ടായിരുന്നില്ല. രാജാവിനെ പ്രശംസിച്ചും സുഖിപ്പിച്ചും വളർന്ന ഉപജാപകൻമാർ ജനങ്ങളെ ശത്രുപക്ഷത്താണ് കണ്ടത്. സമകാലികഭരണക്രമങ്ങളിലും ഇത്തരം സംഭവങ്ങൾക്ക് ഉദാഹരണങ്ങൾ ഉണ്ടെന്നതിനാലാണ് ഈ നാടകം സമകാലികപ്രസക്തമാകുന്നത്.

ആറുകഥാപാത്രങ്ങളാണ് നാടകത്തിലുള്ളത്. വിദൂഷകൻ, കേവലരാമൻ, ചിന്താരാമൻ, കൊത്തുവാൾ, രാജഗുരു, അടിച്ചുതളിക്കാരി എന്നിവരാണവർ. പാശ്ചാത്യനാടകങ്ങളിലെ കോറസ് അഥവാ ഗായകസംഘത്തെ അനുസ്മരിപ്പിക്കുന്ന ഒരു കൂട്ടവും നാടകത്തിലുണ്ട്. അവർക്ക് ജനം എന്ന പേര് നൽകിയിരിക്കുന്നു.

രംഗവേദിയിലുള്ള സിംഹാസനത്തിലേക്ക് രണ്ട് മരക്കാലുകൾ വിദൂഷകൻ പ്രതിഷ്ഠിക്കുന്നതാണ് നാടകത്തിന്റെ തുടക്കത്തിൽ തന്നെ നാം കാണുന്നത്. അവ രാജാവായ അഗ്നിവർണന്റെ കാലുകളാണ്. പ്രജകൾക്കുള്ള പരാതികളും സങ്കടങ്ങളും ആ കാലുകളോടാണ് ഉണർത്തിക്കേണ്ടത്. അധികാരം തെറ്റായ കരങ്ങളിലെത്തിയാൽ എത്രമാത്രം ദുഷിച്ചുപോകുമെന്നതിന്റെ സൂചന ഇപ്രകാരം നാടകത്തിന്റെ തുടക്കത്തിൽ തന്നെ ലഭിക്കുന്നു. രാജാവ് - ഭരണാധികാരി ജനങ്ങളുടെ സംരക്ഷകനും ജനാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ പ്രയത്നിക്കുന്നവനും തുല്യനീതി നടപ്പാക്കുന്നവനും ആയിരിക്കണമെന്ന അടിസ്ഥാനതത്ത്വമാണ് അട്ടിമറിക്കപ്പെടുന്നത്. (സമകാലിക ലോകത്തും ഭരണകൂടങ്ങളുടെ തീരുമാനങ്ങളിൽ ഇത്തരം പ്രവണതകൾ ദൃശ്യമാകുന്നുണ്ടോ എന്ന പരിശോധന നിങ്ങൾ നടത്തുമല്ലോ).

ജനാധിപത്യമുൾപ്പെടെയുള്ള ഏതുഭരണവ്യവസ്ഥയും നിരന്തരം പുതുക്കലുകൾക്കും വിമർശനാത്മക വിലയിരുത്തലുകൾക്കും വിധേയമായില്ലെങ്കിൽ ജീർണിക്കുമെന്നുറപ്പാണ്. 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകം ഈ ആശയം ഭംഗിയായി ആവിഷ്കരിക്കുന്നു. ഭരണയന്ത്രത്തെ നവീകരിക്കാനുള്ള ശ്രമങ്ങളോ പ്രജകളോട് സംവദിക്കാനുള്ള ഒരുക്കമോ ഇല്ലാതെ അഗ്നിവർണൻ നശിപ്പിക്കുന്നത് സ്വന്തം വ്യക്തിത്വത്തെ മാത്രമല്ല, മഹത്തായ ഒരു വംശപാരമ്പര്യത്തെ കൂടിയാണ്. ഉപജാപകവൃന്ദങ്ങളും സ്തുതിപാഠകരും ചേർന്ന് ഈ ജീർണതയ്ക്ക് ആക്കം കൂട്ടുന്നു. രാജാവിനെ ജനങ്ങളിൽ നിന്നകറ്റുന്ന വൈതാളികൻമാർ ഓരോരുത്തരും താൻ തന്നെ രാജാവെന്നു ഞെളിയുകയും ചെയ്യുന്നു.

നാടകത്തിലെ ഓരോ കഥാപാത്രത്തിനും സമകാലിക സാമൂഹിക ക്രമത്തിന്റെ വെളിച്ചത്തിൽ കൃത്യമായ പ്രതിനിധാനങ്ങൾ നൽകാൻ കഴിയും. അഗ്നിവർണൻ എന്ന രാജാവ് രംഗത്തുവരുന്നില്ലെങ്കിലും ജീർണിച്ചതും ചൂഷണോന്മുഖവും പ്രജകളിൽ നിന്നകന്നതുമായ മർദ്ദകഭരണകൂടത്തിന്റെ തലവനെന്ന നിലയിൽ അയാളുടെ സാന്നിധ്യം നാടകത്തിലുടനീളം കാണാം.

ജനങ്ങളിൽ നിന്നകന്നു പോകുന്ന ഭരണകൂടങ്ങൾ ഏറ്റവും ശക്തിപ്പെടുത്തുക നിയമവ്യവസ്ഥയെ ആയിരിക്കും. ക്ഷേമരാഷ്ട്രസങ്കല്പത്തിൽ ജനങ്ങളുടെ സംരക്ഷകരായി വർത്തിക്കുന്നതാണ് നീതിന്യായവ്യവസ്ഥിതി. ചൂഷകൻമാരായ ഭരണാധികാരികൾ അതിനെ കേവലം മർദ്ദനോപകരണം മാത്രമാക്കി തരംതാഴ്ത്തും. തങ്ങളുടെ ദുഷ്ചെയ്തികൾക്കെതിരായ പ്രതികരണങ്ങൾ അടിച്ചമർത്താൻ അതാവശ്യമാണ്. അത്തരത്തിൽ അധഃപതിച്ച നീതിന്യായവ്യവസ്ഥയുടെ പ്രതീകമായി നാടകത്തിലെ കൊത്തുവാളിനെ കാണാവുന്നതാണ്. ജനങ്ങൾക്ക് പ്രയോജനമില്ലാത്ത രാജാവ് അധികാരത്തിന്റെ ഓജസ്സോ ശക്തിയോ ഇല്ലാത്ത മരപ്പാവയ്ക്കു സമനാണ്. എന്നാൽ ആ അധികാരത്തെ സ്ഥാപിക്കാനുള്ള എളുപ്പവഴിയായി മർദ്ദനം മാറുന്നതുകാണാം. 'ഇവിടെ ഒരു രാജാവുണ്ടെ'ന്ന കൊത്തുവാളിന്റെ ഓർമ്മപ്പെടുത്തൽ അതിന്റെ സൂചനയാണ്.

ഭരണാധികാരികൾക്ക് ദിശാബോധം നൽകുന്നതിൽ വലിയ പങ്കുവഹിക്കുന്നത് ഉപദേശകരും ഉദ്യോഗസ്ഥരുമാണ്. അവർ സ്വാർഥതാല്പര്യങ്ങൾക്കു വശംവദരായി കേവലം സ്തുതിപാഠകരും വഴിതെറ്റിക്കുന്നവരുമായി മാറിയാൽ ഭരണകൂടത്തിനാകെ വഴിപിഴയ്ക്കും. ഇത്തരം ജനദ്രോഹികളായ ഉപദേശകവൃന്ദത്തിന്റെ പ്രതിനിധിയാണ് രാജഗുരു. കുറുക്കുവഴികളിലൂടെ അധികാരത്തിന്റെ ഇടനാഴികളിൽ സ്ഥാനമുറപ്പിക്കുകയാണ് ഇത്തരക്കാരുടെ ലക്ഷ്യം. ഇപ്പോഴത്തെ രാജഗുരു മുൻരാജാവിന്റെ വിദൂഷകനായിരുന്നെന്നും ആ രാജാവിന്റെ മരണത്തിനുത്തരവാദി അയാളാണെന്നുമുള്ള സൂചനകൾ ഇതു സാധൂകരിക്കുന്നു.

കേവലരാമനും ചിന്താരാമനും പ്രജകളുടെ പ്രതിനിധികളാവാം. സാധാരണപ്രജകളുടെ പ്രാതിനിധ്യം കേവലരാമനിലൂടെ ഉറപ്പാകുന്നു. ഭരണകൂടം നൽകുന്ന കരുതലിൽ സന്തോഷിക്കുകയും അവഗണനയിൽ നൊമ്പരംകൊള്ളുകയും ചെയ്യുന്ന സാധാരണ ജനങ്ങളുടെ പ്രതിനിധിയാണയാൾ. ഭരണകൂടം തങ്ങൾക്കു വേണ്ടതെല്ലാം നൽകുന്നു എന്നതിനപ്പുറം തങ്ങളെ പരിഗണിക്കുന്നു എന്ന തോന്നൽപോലും സാധാരണക്കാരെ തൃപ്തരാക്കും. അതുപോലും സാധ്യമല്ലാത്ത നിരാശയാണ് സാമാന്യജനത്തെ അധികാരികൾക്കെതിരാക്കുന്നത്. പരിഗണന ലഭിക്കുന്നതിനനുസരിച്ച് നിലപാടുകൾ മാറ്റുന്നവരാണ് സാധാരണക്കാരിൽ ഭൂരിപക്ഷവും. ഇത്തരക്കാരുടെയെല്ലാം പ്രതിനിധിയായി

കേവലരാമനെ കാണാം.

സമൂഹത്തിലെ അഭിപ്രായരൂപീകരണപ്രക്രിയയിൽ മുഖ്യപങ്കു വഹിക്കുന്ന ഉയർന്ന തലത്തിലുള്ള ജനവിഭാഗങ്ങളുടെ പ്രതിനിധിയാകാം ചിന്താരാമൻ. ബുദ്ധിജീവികൾ, ശാസ്ത്രജ്ഞർ, ചിന്തകൻമാർ തുടങ്ങിയവരുൾപ്പെടുന്ന ഈ വിഭാഗത്തിന് സാധാരണ ജനങ്ങളെയും ഭരണകൂടത്തെയും സ്വാധീനിക്കാൻ കഴിയും. ചിന്താരാമന്റെ വാക്കുകൾ കേവലരാമന് ഉണർവേകുന്നതും ചിന്താരാമനുമുന്നിൽ കൊത്തുവാളും രാജഗുരുവും പതറുന്നതും ശ്രദ്ധേയമാണ്.

ഭരണകൂടങ്ങളെ വളർത്തുകയും തളർത്തുകയും വിമർശിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നതിൽ വലിയ പങ്കു വഹിക്കുന്നവരാണ് മാധ്യമങ്ങൾ. പ്രതിച്ഛായാനിർമ്മാതാക്കളായും രാജാവിനും പ്രജകൾക്കുമിടയ്ക്കുള്ള പാലമായും വർത്തിക്കുന്ന മാധ്യമങ്ങളുടെ പ്രതിനിധിയായി വിദൂഷകനെ കാണുന്നവരുണ്ട്. സമകാലിക സംഭവങ്ങൾ മാധ്യമങ്ങളും വിമർശനങ്ങൾക്കതീതരല്ലെന്നും സ്വാർഥതാൽപര്യങ്ങൾ അവരെയും വഴിതെറ്റിക്കുന്നുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്. വിദൂഷകകഥാപത്രത്തെ വിശകലനം ചെയ്യുമ്പോഴും ഈ സവിശേഷതകൾ യോജിക്കുന്നതായി കാണാം.

ആക്ഷേപഹാസ്യത്തിന്റെ അകമ്പടിയോടെയാണ് നാടകം മുന്നേറുന്നത്. വരികൾക്കുള്ളിലൊളിപ്പിച്ചും മുനവച്ച വാക്കുകൾ പറഞ്ഞും ആക്ഷേപശരങ്ങൾ എയ്യുന്നതിൽ മുന്നിട്ടുനിൽക്കുന്നതു വിദൂഷകനാണ്.

“നിങ്ങൾക്കെല്ലാം കാണപ്പെട്ട ദൈവവും, അല്ല; കണ്ടുകിട്ടാത്ത ദൈവവുമായ അഗ്നിവർണമഹാരാജാവ്.”

“ഈ കാലുകൾ തന്നെ രാജാവ്.”

“വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ?” തുടങ്ങി വിദൂഷകന്റെ വാക്യങ്ങളിലെ സവിശേഷതകൾ കണ്ടെത്തുമല്ലോ.

കാര്യമായ ആകാംക്ഷയോ സംഘർഷാത്മകതയോ സൃഷ്ടിക്കാതെ മുന്നോട്ടുപോകുന്ന നാടകത്തിന് അവസാനഭാഗമെത്തുമ്പോൾ ഉണർവേകുന്നത് അടിച്ചുതളിക്കാരിയുടെ രംഗപ്രവേശമാണ്. നാടകത്തിലെ സ്ത്രീകഥാപാത്രവും അടിച്ചുതളിക്കാരിയാണ്. ചെയ്യേണ്ടതു ചെയ്യാതെ, അധികാരഭാവം നടിച്ചും ഉപജാപങ്ങളിൽ മുഴുകിയും സ്തുതിപാടിയും കാലം കഴിക്കുന്ന മറ്റു കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്തയായി സ്വന്തം ചുമതല നിറവേറ്റുന്ന കഥാപാത്രമാണ് അടിച്ചുതളിക്കാരി. സ്ഥാനത്തിന്റെ കാര്യത്തിൽ മറ്റുള്ളവരിൽ നിന്നു താഴെയാണെങ്കിലും അടിച്ചുതളിക്കാരിയ്ക്ക് രംഗത്തു മേൽക്കോയ്മയും ഗൗരവഭാവവും ലഭിക്കുന്നത് അതുകൊണ്ടാണ്.

ജനക്ഷേമം നിറവേറ്റാത്ത ഭരണകൂടങ്ങൾക്കെതിരെ സമൂഹത്തിൽ നിന്ന് അനിവാര്യമായ ശുദ്ധീകരണശ്രമങ്ങൾ ഉയർന്നുവരിക തന്നെ ചെയ്യും എന്നത് ചരിത്രം നൽകുന്ന പാഠമാണ്. ഈ ആശയം തന്നെയാണ് അടിച്ചുതളിക്കാരിയുടെ രംഗപ്രവേശത്തിലൂടെ കാവാലം സാക്ഷാൽകരിക്കുന്നത്. ഇത്തരം പരിവർത്തനമുന്നേറ്റങ്ങൾ മിക്കപ്പോഴും സമൂഹത്തിന്റെ അടിത്തട്ടിലുള്ള സാധാരണക്കാരുടെ നേതൃത്വത്തിലാണുണ്ടാവുക എന്ന സാമാന്യതത്ത്വത്തെ ഒന്നുകൂടി പരിഷ്കരിച്ച് അതിന്റെ നേതൃത്വം അടിസ്ഥാനവർഗത്തിലെ സ്ത്രീകൾക്കായിരിക്കുമെന്ന സന്ദേശമാണ് നാടകം നൽകുന്നത്.

**മാതൃകാ ചോദ്യങ്ങൾ**

1. തനതുനാടകത്തിന്റെ സവിശേഷതകൾ വിവരിക്കുന്ന ലഘുക്കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 4)

2. ആക്ഷേപഹാസ്യത്തിലൂടെ സാമൂഹിക വിമർശനം സാധിതമാക്കുന്നതിന് 'അഗ്നി വർണന്റെ കാലുകൾ' എന്ന നാടകത്തിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തുക.

(സ്കോർ 4)

3. കേവലരാമൻ, ചിന്താരാമൻ എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുന്ന കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

4. "അധികാരത്തിന്റെ ഇടനാഴികളിൽ സ്വാധീനശക്തികളായി വിരാജിക്കുന്ന ഉപജാപ കസംഘങ്ങളിലെ കണ്ണികളാണ് കൊത്തുവാളും രാജഗുരുവും" വിശകലനം ചെയ്യുക.

(സ്കോർ 6)

5. "അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലെ കഥാപാത്രങ്ങളെപ്പോലുള്ളവരെ സമകാലിക സാമൂഹികജീവിതത്തിലും കാണാം" - നാടകത്തിലെ കഥാപാത്രങ്ങളെ വിശകലനം ചെയ്ത് ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

(സ്കോർ 8)

6. 'അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിൽ അടിച്ചുതളിക്കാരി എന്ന കഥാപാത്രത്തിനുള്ള പ്രാധാന്യം വിവരിക്കുക. (സ്കോർ 6)

7. "അഴിമതിയും ചൂഷണവും അതിരുവിടുമ്പോൾ ജനം പ്രതികരിച്ചു തുടങ്ങും, അടിസ്ഥാന വർഗങ്ങളിൽ നിന്നാവും ശുദ്ധീകരണശ്രമങ്ങൾ ആരംഭിക്കുക." അഗ്നി വർണന്റെ കാലുകൾ എന്ന നാടകത്തെ ആസ്പദമാക്കി ഈ പ്രസ്താവനയുടെ സാധുത ചർച്ച ചെയ്യുക.

8. "സാമൂഹിക കാപട്യങ്ങളെ ആക്ഷേപഹാസ്യത്തിലൂടെ വിമർശിക്കുന്ന നാടകമാണ് 'അഗ്നിവർണന്റെ കാലുകൾ' - വിശകലനം ചെയ്യുക.

   സൂചനകൾ:

   നാടകത്തിന്റെ പേരിൽത്തന്നെ നർമ്മം.

   *ജനാധിപത്യയുഗത്തിൽ അവതരിക്കുന്ന അഗ്നിവർണൻമാരെ ആക്ഷേപഹാസ്യത്തിലൂടെ ശുദ്ധീകരിക്കാനുള്ള ശ്രമം.

   * ചിന്താരാമന്റെ സംഭാഷണങ്ങളിലെ മൂർച്ചയുള്ള പരിഹാസം.

   * ഉപദേശകൻ ദാസനാവുന്ന അവസ്ഥ (രാജാവിന്റെ കാലാണ് തന്റെ ചെവിയെന്നു പറയുന്ന രാജഗുരു)

   * വിദൂഷകന്റെ വാക്കുകളിലെ സൂചനകൾ.

9. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ 'നാടകവസ്തു'ക്കളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

**സൂചനകൾ**

* മരക്കാലുകൾ - ജഡതുല്യമായ അവയവം, നിശ്ചലമായ ഭരണവ്യവസ്ഥയുടെ പ്രതീകം, ഭോഗലാലസതയും പാദസേവയും വ്യക്തമാക്കുന്ന വിധത്തിൽ രംഗത്ത് നിലകൊള്ളുന്നു.
* അധികാരദണ്ഡ് - കൊത്തുവാൾ, മർദ്ദനോപകരണമാകുന്ന നിയമവ്യവസ്ഥ.
* ചാണകവെള്ളം, ചൂല് - ശുദ്ധീകരണപ്രക്രിയ, അടിസ്ഥാനവർഗത്തിന്റെ മുന്നേറ്റം, സ്ത്രീ മുന്നേറ്റം.
* പുസ്തകം - അറിവ് ആയുധമാകുന്നു, അറിവ് ആത്മവിശ്വാസമേകുന്നു, അറിവ് ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നു.

# പദത്തിന്റെ പഥത്തിൽ

സംഗീതം മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന കലയാണ്. കഥകളിസംഗീതാലാപനത്തിലൂടെ കേരളത്തിന്റെ കലാരംഗത്തും മതേതരസമൂഹജീവിതത്തിലും ഇടംപിടിച്ച കലാകാരനാണ് കലാമണ്ഡലം ഹൈദരലി. ഫ്യൂഡൽകാലഘട്ടത്തിൽ രൂപം കൊണ്ട കഥകളി എന്ന കലാരൂപത്തിന്റെ അവതരണരംഗത്തേക്ക് ഹിന്ദുമതത്തിനു പുറത്തുനിന്ന് ആദ്യമായി കടന്നുവന്നയാളാണ് ഹൈദരലി. കഥകളിസംഗീതത്തെ ജനകീയമാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ആത്മകഥയായ 'മഞ്ജുതരം' എന്ന കൃതിയിലെ ഒരു ഭാഗമാണ് 'പദത്തിന്റെ പഥത്തിൽ.'

**പാഠഭാഗത്തിലൂടെ (ഓർമ്മയിൽ സൂക്ഷിക്കാൻ)**

* മാതാപിതാക്കളുടെ വാർധക്യകാലത്ത് ജനിച്ച കുട്ടി എന്ന നിലയിലും വികൃതരൂപിയാണു താൻ എന്ന വിചാരത്താലും അപകർഷബോധം നിറഞ്ഞ ബാല്യം.
* അഞ്ചുവയസ്സുള്ളപ്പോൾ തന്നെ വിട്ടുപിരിഞ്ഞ ബാപ്പ, മടിയിലിരുത്തി പാട്ടുപാടിത്തന്ന ബാല്യത്തെക്കുറിച്ചും അദ്ദേഹത്തിൽനിന്ന് ഏറ്റുവാങ്ങിയ സ്നേഹലാളനകളെക്കുറിച്ചും ഹൈദരലി ഓർമ്മിക്കുന്നു.
* കലാമണ്ഡലത്തിലെ പ്രവേശനത്തിനായുള്ള ഇന്റർവ്യൂ നടത്തിയത് മഹാകവി വള്ളത്തോൾ, മുകുന്ദരാജാ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവർ.
* കലാമണ്ഡലത്തിലെ പ്രവേശനത്തിനായി ആൾജാമ്യം നിന്നതും തുക കെട്ടിവയ്ക്കാൻ സഹായിച്ചതും സി.പി.ആന്റണി, അപേക്ഷ അയച്ചത് ശിവരാമൻനായർ.
* ക്ലാസ്സ് മുറിയിലും മെസ്സിലും സഹപാഠികളിൽ നിന്നനുഭവിച്ച അയിത്തം വകവയ്ക്കാതെ ഇച്ഛാശക്തിയോടെ പഠിച്ചുമുന്നേറുന്നു ഹൈദരലി.
* വെളുപ്പിന് മൂന്നുമണിക്ക് എഴുന്നേറ്റുള്ള സാധകം, ആറുമണിവരെ. ദിനകൃത്യങ്ങൾക്കു ശേഷം ഭാരതപ്പുഴയിലെ കുളി. വർഷകാലത്ത് കുത്തിയൊഴുകിയിരുന്ന പുഴയെക്കുറിച്ചുള്ള ഓർമ്മ. ആദ്യവർഷം തോടയം, വന്ദനശ്ലോകങ്ങൾ എന്നിവ അഭ്യസിച്ചു. രണ്ടാംകൊല്ലം പുറപ്പാട്, മേളപ്പദം, മൂന്നാംകൊല്ലം കിർമ്മീരവധം.
* കീർമ്മീരവധം നമ്പീശനാശാനും ഭാഗവതം ശിവരാമനാശാനും പഠിപ്പിച്ചു. നമ്പീശനാശാൻ കസേരയിലിരുന്നു പഠിപ്പിക്കും. അദ്ദേഹത്തിന് അക്ഷരം പറയേണ്ട കാര്യത്തിൽ നിഷ്കർഷ ഉണ്ടായിരുന്നു. ശിവരാമനാശാൻ കുന്തിച്ചിരുന്ന് മുട്ടിക്കൊണ്ട് താളംപിടിച്ച് പഠിപ്പിക്കും. പാടുന്നതിൽ തെറ്റുവരുത്തിയാൽ നല്ല ശിക്ഷ നൽകിയിരുന്നതിനാൽ അദ്ദേഹത്തെ കുട്ടികൾക്കു പേടിയായിരുന്നു. ശിവരാമനാശാന് മാനുഷികപരിഗണന കൂടുതലായിരുന്നു. പാട്ടു വേഗം പഠിച്ചെടുക്കാൻ മിടുക്കനായിരുന്നതിനാൽ രണ്ടുപേരുടെയും സ്നേഹപൂർണമായ പിന്തുണയും പരിഗണനയും ഹൈദരലിക്ക് കിട്ടിയിരുന്നു.

**ചോദ്യമാതൃകകൾ**

1. 'തിരസ്കൃതനായിട്ടാണ് ഞാൻ ജനിച്ചത്' - ഇങ്ങനെ സ്വയം വിലയിരുത്താൻ കലാമണ്ഡലം ഹൈദരലിയെ പ്രേരിപ്പിച്ച ഘടകങ്ങൾ തിരഞ്ഞെടുത്തെഴുതുക.

   * മാതാപിതാക്കളുടെ വാർധക്യകാലത്ത് ജനിച്ചു.

   * കുടുംബാംഗങ്ങൾ തള്ളിപ്പറഞ്ഞ അനുഭവം

   * ഹൈദരലി ജനിച്ച് കുറച്ചുകാലത്തിനുള്ളിൽ ബാപ്പയുടെ മരണം സംഭവിക്കുന്നു.

   * അഹങ്കാരം നിറഞ്ഞ പെരുമാറ്റം (സ്കോർ - 2)

2. 'സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടി വരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു' - ബാപ്പയെക്കുറിച്ചുള്ള ഹൈദരലിയുടെ ഓർമ്മകൾ എന്തൊക്കെയാണ്? (സ്കോർ - 4)

3. കലാമണ്ഡലത്തിലെ പ്രവേശനത്തിന് ഹൈദരലി നേരിട്ട സാങ്കേതികബുദ്ധിമുട്ടുകൾ എന്തൊക്കെയായിരുന്നു. (സ്കോർ - 6)

4. മതവിശ്വാസങ്ങൾക്കപ്പുറം മാനുഷികതയും സ്നേഹബന്ധങ്ങളുമാണ് സമൂഹത്തെ മുന്നോട്ടുനയിക്കുന്നതെന്ന് വ്യക്തമാക്കുന്ന അനുഭവരേഖയാണ് കലാമണ്ഡലം ഹൈദരലിയുടെ ആത്മകഥ. 'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക. (സ്കോർ - 8)

**സൂചന**

അച്ഛന്റെ വാത്സല്യം, കലാമണ്ഡലത്തിലേക്കുള്ള അപേക്ഷ അയയ്ക്കാൻ ശിവരാമൻനായരുടെ സഹായം, ആൾജാമ്യം നൽകിയ സി.പി.ആന്റണി, ശിഷ്യവാത്സല്യമുള്ള ഗുരുനാഥന്മാർ, സഹപാഠികളുടെ പെരുമാറ്റം, ശിവരാമനാശാന്റെ മാനുഷിക പരിഗണന, നമ്പീശനാശാന്റെ പ്രോത്സാഹനം.

**സൂചന**

കലാമണ്ഡലത്തിലെ പഠനസമ്പ്രദായത്തെക്കുറിച്ച് ഹൈദരലിയുടെ ഓർമ്മകൾ എന്തൊക്കെയാണ്? (സ്കോർ - 6)

മൂന്നുമണിക്കാരംഭിക്കുന്ന സാധകം. ആറുമണിക്കുള്ള ദിനകൃത്യങ്ങളും ഭാരതപ്പുഴയിലെ കുളിയും, ആദ്യവർഷം തോടയം, വന്ദനശ്ലോകങ്ങൾ, രണ്ടാംകൊല്ലം പുറപ്പാട്, മേളപ്പദം, മൂന്നാം വർഷം കിർമ്മീരവധം, ഗുരുനാഥന്മാരുടെ അഭ്യസനത്തിലെ വ്യത്യസ്തത.

# ഫോക്കസ് ഏര്യയിൽ ഉൾപ്പെടുന്ന KITE Victors മലയാളം ക്ലാസ്സുകളുടെ ലിങ്ക്

ക്ലാസിന്റെ നമ്പർ, ക്ലാസെടുത്ത അദ്ധ്യാപകൻ/പിക- പാഠം എന്നീ ക്രമത്തിൽ

യേശുദാസ് - എഴുത്തകം -പ്രവേശകം
https://www.youtube.com/watch?v=DGe2h7kAOMA&t
യേശുദാസ് -കണ്ണാടി കാണ്മോളവും 1
https://www.youtube.com/watch?v=6sqPYMybEEM&t
യേശുദാസ് -കണ്ണാടി കാണ്മോളവും 2
https://www.youtube.com/watch?v=YHGz0KA_QBc&t
ഗോപകുമാർ - പ്രകാശം ജലം പോലെയാണ് 1
https://www.youtube.com/watch?v=9DWrBdRC9Ds&t
ഗോപകുമാർ - പ്രകാശം ജലം പോലെയാണ് 2
https://www.youtube.com/watch?v=hwanK3ps7nc&t
ഗോപകുമാർ - പ്രകാശം ജലം പോലെയാണ് 3
https://www.youtube.com/watch?v=JbkaH2GIg2g&t
യേശുദാസ് - കിരാതവൃത്തം 1
https://www.youtube.com/watch?v=ymt0q3ZG_N8&t
യേശുദാസ് - കിരാതവൃത്തം 2
https://www.youtube.com/watch?v=BbRH_xWo7BU
യേശുദാസ് - കിരാതവൃത്തം 3
https://www.youtube.com/watch?v=ube6rUC4U00&t
യേശുദാസ് - കിരാതവൃത്തം 4
https://www.youtube.com/watch?v=aVQm8ohhAVM
ഡോ. ജിനേഷ് കുമാർ -അവകാശങ്ങളുടെ പ്രശ്നം 1
https://www.youtube.com/watch?v=csaiQnkl6WQ&t
ഡോ. ജിനേഷ് കുമാർ -അവകാശങ്ങളുടെ പ്രശ്നം 2
https://youtu.be/SRnD_hhxzbc
ഡോ. ജിനേഷ് കുമാർ -അവകാശങ്ങളുടെ പ്രശ്നം 3
https://www.youtube.com/watch?v=SiyhuAaO8tk&t
ഡോ. ജിനേഷ് കുമാർ -അവകാശങ്ങളുടെ പ്രശ്നം 4
https://www.youtube.com/watch?v=XHeYb6U09KM&t
പ്രതീക്ഷ - തനതിടം - പ്രവേശകം
https://www.youtube.com/watch?v=S5lqROme360
പ്രതീക്ഷ - കേശിനീമൊഴി 1
https://www.youtube.com/watch?v=3NKlNSAU3yY&t

പ്രതീക്ഷ - കേശിനീമൊഴി 2

https://www.youtube.com/watch?v=S-qwfY1Qbm0&t

പ്രതീക്ഷ - കേശിനീമൊഴി 3

https://www.youtube.com/watch?v=yJgVMdIx0J4&t

മഹേഷ് കുമാർ എം ആർ- അഗ്നിവർണ്ണന്റെ കാലുകൾ 1

https://www.youtube.com/watch?v=xS6RBBfn9GQ&t

മഹേഷ് കുമാർ എം ആർ- അഗ്നിവർണ്ണന്റെ കാലുകൾ 2

https://www.youtube.com/watch?v=-NpV7Amdrh0&t

മഹേഷ് കുമാർ എം ആർ- അഗ്നിവർണ്ണന്റെ കാലുകൾ 3

https://www.youtube.com/watch?v=j4r4uR8yCYQ&t

മഹേഷ് കുമാർ എം ആർ- അഗ്നിവർണ്ണന്റെ കാലുകൾ 4

https://www.youtube.com/watch?v=5v8WWMYKvs8&t

ഡോ. ജിനേഷ് കുമാർ - പദത്തിന്റെ പഥത്തിൽ 1

https://www.youtube.com/watch?v=DVBoQMVMY3A&t

ഡോ. ജിനേഷ് കുമാർ - പദത്തിന്റെ പഥത്തിൽ 2

https://www.youtube.com/watch?v=L-p6NYSfICo&t

ഡോ. ജിനേഷ് കുമാർ - പദത്തിന്റെ പഥത്തിൽ 3

https://www.youtube.com/watch?v=mNW1m8SzWmE&t

ഡോ. ജിനേഷ് കുമാർ - പദത്തിന്റെ പഥത്തിൽ 4

https://www.youtube.com/watch?v=h46vJfSz6Nk

പൊതുവിദ്യാഭ്യാസ വകുപ്പ്